# ജെൻഡർ പോളിസി

## (സ്ത്രീപുരുഷസമത്വനയം)

കേരളകത്തോലിക്കാമെത്രാൻസമിതി

# ജെൻഡർ പോളിസി

## (സ്ത്രീപുരുഷസമത്വനയം)

TO SERVE IN TRUTH AND LOVE

കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ
പ്രസിദ്ധീകരണം

# Gender Policy

## (Shtree- Purusha Samathua Nayam)

[Malayalam]

Publication by:
The Director, Pastoral Orientation Centre
Secretariat, Kerala Catholic Bishops' Council
Kochi - 682 025, Kerala, India
Phone : +91 484 2805722, 2805815
Fax : +91 484 2806214
E-mail : pocpublications@gmail.com
Website: www. kcbcsite.com

Approved by
The KCBC meeting held during 9th to 11th December 2008

Copyright to
The Publisher

Published on
5th September 2009
Second impression on 10th June 2013
Third impression on 8th September 2018

Design & Print
Don Bosco IGACT

Copies 10,000

Price ₹ 50

---

All right reserved. No part of this publication may be reproduced, stored in retrieval system, or transmitted, in any form or by any means electronic, mechanical, recording, photocopying or otherwise, without prior written permission of the publisher.

# ഉള്ളടക്കം


അമുഖം 7

പ്രസ്താവന 8

1. ജെൻഡർ പോളിസി - ആമുഖം 13
2. പ്രവേശിക 14
3. ലിംഗസമത്വത്തിന്റെ വേദഗ്രന്ഥപരവും ദൈവശാസ്ത്രപരവുമായ അടിസ്ഥാനം 15
   - 3.1 ക്രിസ്തുവിന്റെ ദർശനവും ആദിമസഭയിൽ സ്ത്രീകൾക്കുണ്ടായിരുന്ന ധർമ്മവും
   - 3.2 സഭയുടെ പ്രബോധനം
4. സ്ത്രീകളുടെ അവസ്ഥ - ഒരവലോകനം. 21
5. പശ്ചാത്തലവും വെല്ലുവിളികളും 22
6. കെ. സി. ബി. സിയുടെ കർമ്മമണ്ഡല പ്രതിജ്ഞാബദ്ധത 23
   - 6.1 കേരളത്തിലെ അവസ്ഥ
7. ദർശനം, ദൗത്യം, ഉദ്ദേശ്യലക്ഷ്യങ്ങൾ 26
   - 7.1 ദർശനം
   - 7.2 ദൗത്യം
   - 7.3 നേടിയെടുക്കേണ്ട ലക്ഷ്യങ്ങൾ
   - 7.4 ഉദ്ദേശ്യലക്ഷ്യങ്ങൾ
8. തത്ത്വങ്ങളും മാർഗ്ഗനിർദ്ദേശക പോളിസിയും 27
   - 8.1 തത്ത്വങ്ങൾ
   - 8.2 മാർഗനിർദ്ദേശക പോളിസി
9. കർമ്മപരിപാടികൾ 29
   - 9.1 സ്ത്രീശക്തീകരണത്തിനു വേണ്ടിയുള്ള പ്രചാരണ പരിപാടികൾ
   - 9.2 വിദ്യാഭ്യാസം
   - 9.3 പൊതുദൃശ്യശ്രാവ്യമാധ്യമങ്ങൾ
   - 9.4 സഭയുടെ ആലോചന സമിതികളിൽ സ്ത്രീകൾക്ക് തുല്യപ്രാതിധ്യവും പങ്കാളിത്തവും

9.5 പ്രേഷിതപ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം
9.6 പൊതുജീവിതത്തിൽ / സംസ്ഥാന രാഷ്ട്രീയ സംവിധാനങ്ങളിൽ വനിതാപങ്കാളിത്തം
9.7 ആദ്ധ്യാത്മികം
9.8 സെമിനാരിവിദ്യാർത്ഥികളുടെയും സന്ന്യാസാർത്ഥിനികളുടെയും പരിശീലനം
9.9 ആരോഗ്യം
9.10 പരിസ്ഥിതി
9.11 ശാസ്ത്രവും സാങ്കേതികവിദ്യയും
9.12 സാമ്പത്തിക സ്വാതന്ത്ര്യം
9.13 വിഷമസാഹചര്യങ്ങളിലുള്ള സ്ത്രീകൾ
9.14 പെൺകുഞ്ഞുങ്ങളുടെ അവകാശങ്ങൾ
9.15 സ്ത്രീകൾക്കെതിരെയുള്ള അക്രമം
9.16 പെൺവാണിഭവും ലൈംഗീകചൂഷണവും
9.17 വിവാഹവും കുടുംബവും
9.18 സാമൂഹികാവബോധം
9.19 ആദിവാസികളും ദളിതരുമായ സ്ത്രീകൾ
9.20 സ്ത്രീയും സമാധാനവും
9.21 ഗവേഷണം, വിവരശേഖരണം, വിവരങ്ങളുടെ പ്രചരണം
9.22 പൈലറ്റ് പ്രോജക്റ്റുകൾ
9.23 സഭയുടെ ജെൻഡർ പോളിസിയും കർമ്മപദ്ധതിയും നടപ്പിലാക്കാനുള്ള മാർഗങ്ങൾ

10. നടപ്പാക്കാനുള്ളകർമ്മപരിപാടികൾ 50
10.1 ജെൻഡർ പോളിസി നടപ്പാക്കാനുള്ള കമ്മറ്റിയും സ്ഥാപനപരമായ ശക്തീകരണവും
10.2 വിഭവങ്ങളുടെ കാര്യസ്ഥത.

11. നടപ്പാക്കൾ സമ്പ്രദായം 51

12. ഉപസംഹാരം 51

# ആമുഖം

സ്ത്രീകൾ വിവേചനവും പീഡനവും നേരിടുന്ന ഒരു സാഹചര്യമാണ് ഇന്നുമുള്ളത്. ഇത് ദൈവികപദ്ധതിക്കും ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കും എതിരായ കാര്യമാണ്. ക്രിസ്തു പ്രസംഗിച്ച ദൈവരാജ്യം എല്ലാ മനുഷ്യരും സ്നേഹത്തോടും ഐക്യത്തോടും തുല്യതയോടും നീതിയോടും കൂടെ ജീവിക്കുന്ന അവസ്ഥയാണ്. ഏതു വിവേചനവും അനീതിപരമാണെന്ന ഒരു പൊതുഅവബോധം ഇന്നുണ്ട്. എങ്കിലും എല്ലാവരുടെയും ഹൃദയത്തിൽ ആ ബോധ്യം രൂഢമൂലമാകുകയോ അതനുസരിച്ചുള്ള ഒരു ജീവിതരീതി രൂപപ്പെടുകയോ ചെയ്തിട്ടില്ല. അത് അടിയന്തിരമായി ഉണ്ടാവുക ആവശ്യമാണ്.

കെസിബിസി പ്രസിദ്ധികരിക്കുന്ന സ്ത്രിപുരുഷ തുല്യപദവിനയം കേരളസഭയിൽ സ്ത്രീകളുടെ ശക്തീകരണവും നന്മയും ലക്ഷ്യം വയ്ക്കുന്നു. നീതിരഹിതമായും വിവേചനപരമായും സമൂഹത്തിൽ വേരുറച്ചുപോയിരിക്കുന്ന കാര്യങ്ങളെ പിഴുതുകളയുവാൻ തയ്യാറാകണം. എങ്കിലേ, വ്യക്തികളിലും സമൂഹത്തിലും സഭയിലും യഥാർത്ഥ വികസനവും സമാധാനവും കൈവരൂ; സഭ അതിന്റെ യഥാർത്ഥമുഖം കൈക്കൊള്ളൂ.

ഈ നയരേഖ തയ്യാറാക്കുന്നതിനു മുൻകൈ എടുത്തു പ്രവർത്തിച്ച കെസിബിസി വനിതാകമ്മീഷൻ ചെയർമാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിലിനോടും വൈസ് ചെയർമാൻമാരായ മേജർ ആർച്ചുബിഷപ് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ, ബിഷപ് വർഗീസ് ചക്കാലയ്ക്കൽ, സെക്രട്ടറി ബീനാ സെബാസ്റ്റ്യൻ എന്നിവരോടും അവരോടും സഹകരിച്ച മാർ ജോസ് പൊരുന്നേടം മറ്റു വിദഗ്ധർ എന്നിവരോടുമുള്ള കൃതജ്ഞത അറിയിക്കുന്നു. എല്ലാ നന്മയും നേർന്നുകൊണ്ട്,

പി.ഒ.സി. **+ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**

കൊച്ചി–25 പ്രസിഡന്റ്,

19.02.2013 കേരള കത്തോലിക്കാമെത്രാൻസമിതി

# പ്രസ്താവന

നാലു സുവിശേഷങ്ങളും സാക്ഷ്യം വഹിക്കുന്ന ഒരു സവിശേഷ യാഥാർത്ഥ്യമുണ്ട്. ഈശോമിശിഹായുടെ ശുശ്രൂഷയുടെ സുപ്രധാന നിമിഷങ്ങളിൽ – അവിടത്തെ പീഡാനസഹനം, മരണം, കബറടക്കം, ഉത്ഥാനം എന്നുവയുടെ നിമിഷങ്ങളിൽ – സ്ത്രീകളുടെ സജീവവും സുധീരവുമായ സാന്നിദ്ധ്യമുണ്ടായിരുന്നു എന്നതാണ് ആ യാഥാർത്ഥ്യം. സ്ത്രീപുരുഷസമത്വ/തുല്യലിംഗപദവിനയമെന്ന ദർശനം ക്രിസ്തുവിനുണ്ടായിരുന്നു. സ്ത്രീകളുടെ ജീവിതസാഹചര്യങ്ങളോടും ആവശ്യങ്ങളോടും അവിടന്ന് സംവേദകത്വം പുലർത്തി. പുത്രന്റെ മരണത്തിൽ വിലപിക്കുന്ന അമ്മയോടും സമുദായഭ്രഷ്ട് നേരിട്ട സ്ത്രീയോടും മറ്റും അവിടന്ന് കാണിച്ച സഹാനുഭൂതി അതിന്റെ ഉദാഹരണമാണ്. സ്ത്രീകളുടെ അനുദിനാനുഭവങ്ങളെ അവിടന്ന് തന്റെ ഉപമകളിൽ ഉൾപ്പെടുത്തി പൊതു സ്ഥലങ്ങളിൽ അവിടുന്ന് സ്ത്രീകളോട് സംസാരിച്ചു. ദൈവവചനം പഠിക്കുക സ്ത്രീകളുടെയും ആവശ്യമാണെന്ന് അവിടന്ന് വ്യക്തമാക്കി. പാപകർമ്മങ്ങളിൽ സഹകാരികളായ പുരുഷൻമാരെ ശിക്ഷിക്കാതെ സ്ത്രീയെ മാത്രം ശിക്ഷിക്കുന്ന സമ്പ്രദായത്തെ അവിടന്ന് വെല്ലുവിളിച്ചു.

തന്റെ ഉത്ഥാനത്തിനു സാക്ഷ്യം വഹിക്കാനുള്ള കടമ അവിടന്ന് അവരെ ഏൽപ്പിക്കുകയുണ്ടായി. തന്റെ ഭൗമിക ജീവിതത്തിന്റെ അവസാനം വരെ തന്നോടൊപ്പം നിലകൊണ്ട സ്ത്രീകളുടെ ധീരത അവിടന്ന് അംഗീകരിച്ചു. സ്ത്രീപുരുഷവ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തി അക്കാലത്തുണ്ടായിരുന്ന നിയമങ്ങളെയും ആചാരങ്ങളെയും ചട്ടങ്ങളെയും പെരുമാറ്റരീതികളെയും അവഗണിച്ചുകൊണ്ടാണ് അവിടന്ന് ഇതെല്ലാം ചെയ്തത്.

സ്ത്രീപുരുഷസമത്വമെന്ന സങ്കൽപ്പത്തിനു ബൈബിളിൽ ഉറച്ച അടിത്തറയുണ്ട്. സ്ത്രീയെയും പുരുഷനെയും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചുവെന്നു പ്രഖ്യാപിച്ചുകൊണ്ട് (ഉൽപ. 1:27) സ്ത്രീപുരുഷസമത്വത്തെ ബൈബിൾ സുസ്ഥാപിതമാക്കുന്നു. എല്ലാവരും ക്രിസ്തുവിൽ ഒന്നാണെന്ന് പ്രസ്താവിച്ചുകൊണ്ട് (ഗലാ:3:28) സ്ത്രീപുരുഷസമത്വത്തെ വീണ്ടും ഉറപ്പിക്കുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പരിചിന്തനങ്ങൾ, മാർപാപ്പാമാരുടെ പ്രബോധനങ്ങൾ, മാർപാപ്പാമാരുടെ കത്തുകൾ എന്നിവയിലൂടെ സ്ത്രീപുരുഷതുല്യതയെക്കുറിച്ചുള്ള ക്രിസ്തുവിന്റെ സന്ദേശം നമുക്ക് ഇന്നു ലഭിക്കുന്നു. ജോൺ 23-ാമൻ മാർപാപ്പാ എഴുതിയ ''ഭൂമിയിൽ സമാധാനം'' എന്ന ചാക്രികലേഖനം, ജോൺപോൾ രണ്ടാമൻ മാർപാപ്പാ എഴുതിയ ''സ്ത്രീകളുടെ മഹത്ത്വം'' എന്ന അപ്പസ്തോലിക ലേഖനം, അദ്ദേഹം തന്നെ എഴുതിയ ''സ്ത്രീകൾക്ക് ഒരു കത്ത്'' എന്നിവ അതിന്റെ ഉദാഹരണങ്ങളാണ്.

സി. ബി. സി. ഐ. യുടെ ജനറൽ അസംബ്ലികൾ 1974 സ്ത്രീപുരുഷസമത്വത്തെക്കുറിച്ച് പരിചിന്തിച്ചു. അവസാനം, ദേശിയ തലത്തിലും റീജിയണൽ തലത്തിലും തുല്യലിംഗപദവിനയം (സ്ത്രീപുരുഷസമത്വനയം) ക്രോഡീകരിക്കാൻ 28-ാം പ്ലീനറി അസംബ്ലി 2008 ഫെബ്രുവരിയുൽ നിശ്ചയിക്കുകയും ചെയ്തു. അതനുസരിച്ച് സി. ബി. സി. ഐ. യുടെ നിർദ്ദേശപ്രകാരം വിമൻസ് കമ്മീഷൻ സ്ത്രീപുരുഷസമത്വനയം ദേശിയതലത്തിൽ രൂപപ്പെടുത്തി.

കെ. സി. ബി. സി. തയ്യാറാക്കിയിരിക്കുന്ന സ്ത്രീപുരുഷസമത്വനയം സ്ത്രീകളുടെ സമഗ്രമായ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയുള്ളതാണ്. സ്ത്രീധനസമ്പ്രദായം, വീടുകളിലെ അക്രമം മുതലായ സാമൂഹികതിന്മകൾ സാമൂഹികഘടനയിൽ ഉൾക്കൊണ്ടിരിക്കുന്ന പാപങ്ങളാണെന്ന് അത് അംഗീകരിക്കുന്നു. അടിച്ചമർത്തൽ, വിവേചനം, ചൂഷണം എന്നിങ്ങനെ സ്ത്രീകൾ അനുഭവിക്കുന്ന എല്ലാ തിന്മകളെയും നിർമ്മാർജ്ജനം ചെയ്യാനാണ് ഈ നയം പരിശ്രമിക്കുന്നത്.

സ്ത്രിപുരുഷന്മാർ തങ്ങളുടെ അടിസ്ഥാനപരമായ ഐക്യം അംഗീകരിക്കണം. പരസ്പരസ്നേഹം, സേവനം, ബഹുമാന, കൂട്ടായ്മ, സഹകരണം, പാരസ്പര്യം എന്നിങ്ങനെ മനുഷ്യമഹത്ത്വത്തിലും തുല്യപങ്കാളിത്തത്തിലും അടിയുറച്ച നന്മകൾ വളർത്താൻ സ്ത്രീകളും പുരുഷന്മാരും ഒന്നുപോലെ പരിശ്രമിക്കണം. അങ്ങനെ ചെയ്തങ്കിലേ യഥാർത്ഥ പുരോഗതിയും സമാധാനവും വികസനവും സാധിക്കുകയുള്ളൂ.

സഭ, സ്ത്രീപുരുഷസമത്വത്തെ പൂർണ്ണമായി പിന്താങ്ങുന്നുണ്ട്. അത് നടപ്പാക്കാൻ സുചിന്തിതവും ഭാവാത്മകവുമായ പ്രവൃത്തികളുടെ പരമ്പരതന്നെ വേണ്ടിവരും. ഇതിന് ഒന്നാമതായി സ്ത്രികളുടെയും പുരുഷന്മാരുടെയും മനോഭാവത്തിൽ മാറ്റമുണ്ടാകണം. സഭയുടെ

എല്ലാ തലങ്ങളിലുമുള്ള സംരംഭങ്ങളിൽ സ്ത്രീപുരുഷ്യസമത്വത്തിന്റെ മാനങ്ങളും അർത്ഥങ്ങളും ഉൾപ്പെടുത്തണം. സ്ത്രീകളുടെ ഉത്തര വാദിത്വവും ഭാഗഭാഗിത്വവും ഉറപ്പാക്കണം. ഓരോ കർമ്മപരിപാടി യെയും സംബന്ധിച്ച് സ്ത്രീപുരുഷവ്യത്യാസം മൂലമുള്ള സ്വാധീനം പരിഗണിക്കണം. സഭയുടെ എല്ലാ പരിപാടികളിലും ജെൻഡർ ബഡ്ജ റ്റിംഗും ജെൻഡർ ഓഡിറ്റും ഉണ്ടായിരിക്കണം.

ചുരുക്കത്തിൽ, തുല്യലിംഗപദവി പൊതുധാരയിലുണ്ടായിരിക്കണം. കെ. സി. ബി. സി. തയ്യാറാക്കിയിരിക്കുന്ന ഈ തുല്യലിംഗപദവിനയം സ്ത്രീപുരുഷ സംബന്ധമായ എല്ലാ പ്രശ്നങ്ങളെയും പരിഗണിക്കുന്നു. അവയുടെ ഹേതുക്കൾ വ്യക്തമാക്കുന്നു. അവ പരിഹരിക്കാൻ വേണ്ട വിശാലസമീപനം പ്രദാനം ചെയ്യുന്നു.

മാർ ജോസ് പൊരുന്നേടം (കാനൻ നിയമ വിദഗ്ധൻ, മാനന്തവാടി രൂപതയുടെ മെത്രാൻ), റവ. സി. ലില്ലി ഫ്രാൻസിസ് എസ്. എം. എം. ഐ (സി. ബി. സി. ഐ വിമൻസ് കമ്മീഷന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി), മിസ്. റോസക്കുട്ടി അബ്രാഹാം (സ്ത്രീകൾക്കായുള്ള സി. ബി. സി. ഐ. വിമൻസ് കമ്മീഷന്റെ അഡ്വൈസറി ബോർഡ് അംഗം), മിസ്. ലിഡാ. ജേക്കബ് ഐ.എ.എസ് (കേരള ജൻഡർ ആൻഡ് വിമൻ എംപവ്വർവെന്റ് അഡ്വൈസർ), ഡോ. നീന ജോസഫ് ( ജെൻഡർ എക്സ്പേർട്ട്, ഗവ. മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസർ, എറണാ കുളം), റവ. ഫാ. ഡോ. സ്റ്റീഫൻ ആലത്തറ (ഡെപ്യൂട്ടി സെക്രട്ടറി ജനറൽ കെ. സി. ബി. സി. & ഡയറക്ടർ പി. ഒ. സി), റവ. തഫാഥാ. ജോസ് കോട്ടയിൽ (സെക്രട്ടറി, ഫാമിലികമ്മീഷൻ, കെ.സി.ബി.സി വിമൻസ് കമ്മീഷൻ), മിസ്സ് ആനി റോഡ്നി (മെമ്പർ, കണ്ണൂർ രൂപത) എന്നിവർ ഈ ജെൻഡർ പോളിസി രൂപപ്പെടുത്താൻ സമ്പന്നമായ അനുഭവവും വൈദഗ്ധ്യവും സംഭാവന ചെയ്തിട്ടുണ്ട്. അവർക്കെല്ലാം ഹൃദയംഗമമായ നന്ദി.

സഭയെയും സ്ത്രീകളെയും സംബന്ധിച്ച് ക്രിസ്തുവിന്റെ ദർശനം സ്വാംശീകരിക്കുകയും സ്ത്രീശക്തീകരണത്തിനുവേണ്ട പ്രോത്സാ ഹനം നല്കുകയും ചെയ്യുന്ന എല്ലാവർക്കും അകമഴിഞ്ഞ കൃതജ്ഞത. ഈ പോളിസിയുടെ ക്രോഡീകരണത്തിൽ സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദിപറയുന്നു.

ഈ പ്രമാണരേഖ കാര്യക്ഷമമായി നടപ്പാക്കാൻ വേണ്ട തന്ത്രങ്ങളും കർമ്മപരിപാടികളും ആവിഷ്കരിക്കണം. അതിന് ഇത് കാരണമാ

കട്ടെ. ക്രിസ്തു ഉദ്ദേശിച്ചതുപോലെ സ്ത്രീപുരുഷൻമാരുടെ തുല്യ ശിഷ്യത്വം രൂപപ്പെടുത്തുക എന്ന സഭയുടെ ദൗത്യം സാക്ഷത്കരി ക്കാൻ ഈ ലിംഗതുല്യപദവിനയം കേരളസഭയ്ക്ക് സഹായകമാകട്ടെ.

ഹൃദയപൂർവ്വകമായ ആശീർവ്വാദത്തോടെ,

**+ മാർ മാത്യൂ ആനിക്കുഴിക്കാട്ടിൽ**

(ചെയർമാൻ, കെ. സി. ബി. സി വിമൻസ് കമ്മീഷൻ)

**+ മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കോസ്**

(വൈസ് ചെയർമാൻ, കെ. സി. ബി. സി വിമൻസ് കമ്മീഷൻ)

**+ റൈറ്റ് റവ. ഡോ. വർഗീസ് ചക്കാലക്കൽ**

(വൈസ് ചെയർമാൻ, കെ. സി. ബി. സി. വിമൻസ് കമ്മീഷൻ)

പി. ഒ. സി., കൊച്ചി - 25
05.09.2009

# കെ. സി. ബി. സി
# ജെൻഡർ പോളിസി
## (സ്ത്രീപുരുഷസമത്വനയം/ലിംഗതുല്യപദവിനയം)

### 1. ആമുഖം

ഇന്ത്യയിലെ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസിന്റെ (സി. ബി. സി. ഐ.) കീഴിൽ അതിന്റെ ചട്ടങ്ങളനുസരിച്ച് കേരളാ സ്റ്റേറ്റിനുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള റീജിയണൽ കൗൺസിലാണ് കെ. സി. ബി. സി. കേരളത്തിന്റെ പ്രേഷിതാവശ്യങ്ങൾ നിർവ്വഹിക്കാനാണ് അത് സ്ഥാപിച്ചിരിക്കുന്നത്. ഈ കൗൺസിലിലൂടെ കേരളത്തിലെ മൂന്നു വ്യക്തിഗതസഭകളുടെ കത്തോലിക്കാമെത്രാന്മാർ ''മെത്രാൻ പട്ടാഭിഷേകത്തിൽ സ്വീകരിച്ച'' (C.D. 3) മെത്രാന്മാരുടെ സംഘാത്മകതയെപ്പറ്റിയുള്ള ബോധത്തോടെ, ''സഭ മനുഷ്യവംശത്തിനു മുഴുവനും നല്കുന്ന നന്മ വളർത്താൻ ഒന്നു ചേർന്ന് തങ്ങളുടെ അജപാലനധർമ്മം നിർവ്വഹിക്കുന്നു'' (C.D. 38). വ്യക്തിഗത സഭകൾക്ക് സവിശേഷമായ കാര്യങ്ങളിൽ – ലിറ്റർജി, സഭാത്മകശിക്ഷണം, ആദ്ധ്യാത്മികപൈതൃകം, ദൈവശാസ്ത്രം മുതലായവയിൽ – കെ. സി. ബി. സി. പരിധി കല്പിക്കുകയോ ഇടപെടുകയോ ചെയ്യുകയില്ല. അത്തരം കാര്യങ്ങൾ ഓരോ വ്യക്തിസഭയുടെയും അധികാരത്തിൽപെട്ടതാണ്.

ഈ കൗൺസിലിന്റെ പൊതുവായ ലക്ഷ്യം, കേരള സഭയെ സംബന്ധിക്കുന്ന പ്രാദേശികവും വ്യക്തിസഭകളുടെ ആചാരനുഷ്ഠാനങ്ങൾക്കതീതവുമായ പൊതുപ്രശ്നങ്ങളെ പഠിക്കുന്നതിനും ഏകോപിപ്പിച്ചുള്ള ഗവേഷണം, പഠനം, ചർച്ച എന്നിവ സുഗമമാക്കുന്നതിനും പൊതുവായനയം രൂപീകരിച്ചു നടപ്പിലാക്കുന്നതിന് ഏകതാനമായ അജപാലന

കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഏകതാനമായി അജപാലന കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനുമാണ്. അങ്ങനെ ഇന്ത്യ യിലെ, പ്രത്യേകിച്ച് കേരളത്തിലെ ജനങ്ങൾക്കു ചെയ്യുന്ന ശുശ്രൂഷയി ലൂടെ കൂടുതൽ ഫലപ്രദമായി ക്രിസ്തുവിനു സാക്ഷ്യം വഹിക്കാൻ സാധിക്കുന്നു.

2008 ഫെബ്രുവരി 13 മുതൽ 20 വരെ ജംഷഡ്പൂരിലുള്ള സേവ്യർ ലേബർ റിലേഷൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ കൂടിയ 28–ാമത് സി. ബി. സി. ഐ. പ്ലീനറി അസംബ്ലിയിൽ 'സ്ത്രീശക്തീകരണം സഭയിലും സമൂഹത്തിലും' എന്നത് പ്രധാന ചർച്ചാവിഷയമായിരുന്നു. അങ്ങനെ അത് ഭാരത സഭയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി.

സമ്മേളനത്തിന്റെ സമാപനത്തിൽ ഇന്ത്യയിലെ സഭകൾക്കു വേണ്ടി ഒരു ജെൻഡർ പോളിസി രൂപീകരിക്കണമെന്ന ഒരു പ്രസ്താവന പുറ പ്പെടുവിക്കുകയുണ്ടായി.

സമൂഹത്തിന്റെയും സഭയുടെയും പരിവർത്തനം തുല്യ പ്രാധാന്യ മുള്ള ലക്ഷ്യവും ദൗത്യവുമായി സഭയും സമൂഹവും പരിഗണിക്കണ മെന്ന് ഈ നയം ശുപാർശ ചെയ്യുന്നു. ക്രിസ്ത്യാനി ആയിരിക്കുക യെന്നത് എല്ലാ ജനങ്ങൾക്കും പ്രത്യേകിച്ച്, ദരിദ്രർക്കും പാർശ്വവത് കരിക്കപ്പെട്ടവർക്കും, സേവനം ചെയ്യുന്നതിനും നീതിയും സമത്വവും ഐക്യദാർഢ്യവുമുള്ള സമൂഹത്തെ രൂപപ്പെടുത്തുന്നതിനുമുള്ള വിളി യാണ്. രണ്ടായിരാമാണ്ടിൽ സി. ബി. സി. ഐ. പ്രഖ്യാപിച്ചതു പോലെ നാം 'നീതിയിലും സമാധാനത്തിലും സ്നേഹത്തിലും ഒരുമ യിലും അധിഷ്ഠിതമായ ഒരു സ്നേഹസംസ്കാരം വളർത്താൻ പ്രതി ജ്ഞാബദ്ധരാണ്. ഈ പ്രത്യാശ നമ്മുടെ എല്ലാ സഹോദരീസഹോദര ന്മാരുമായി നമ്മൾ പങ്കുവെയ്ക്കുകയും ചെയ്യുന്നു'(2 VII).

ഈ നയം എല്ലാ കത്തോലിക്കരെയും സന്മനസ്സുള്ള എല്ലാ സ്ത്രീ കളെയും പുരുഷന്മാരെയും അഭിസംബോധന ചെയ്യുന്നു.

### 2. പ്രവേശിക

''സ്ത്രീശക്തീകരണം സഭയിലും സമൂഹത്തിലും'' എന്ന പ്രമേ യത്തെ സംബന്ധിച്ച് സി. ബി. സി. ഐ. യുടെ പ്ലീനറി അസംബ്ലിയിൽ ക്രോഡീകരിച്ച പ്രസ്താവനപ്രകാരം സ്ത്രീകൾക്കെതിരെയുള്ള വിവേ ചനത്തിന്റെ മൗലികകാരണങ്ങളെ ഇല്ലായ്മചെയ്യാൻ കേരളത്തിലെ മെത്രാന്മാരായ ഞങ്ങൾ ആത്മാർത്ഥമായി പരിശ്രമിക്കുന്നു. ഈ

പോളിസിയിൽ രേഖപ്പെടുത്തിയിട്ടുള്ള സംരംഭങ്ങൾ നടപ്പിലാക്കുമെന്നു ഉറപ്പിച്ചു പറയുകയും ചെയുന്നു. ഈ ജെൻഡർ പോളിസി എല്ലാ കത്തോലിക്കരെയും സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാര്യയും ഉദ്ദേശിച്ചുള്ളതാണ്.

## 3. ലിംഗസമത്വത്തിന്റെ വേദഗ്രന്ഥപരവും ദൈവശാസ്ത്രപരവുമായ അടിസ്ഥാനം.

### 3.1 ക്രിസ്തുവിന്റെ ദർശനവും ആദിമസഭയിൽ സ്ത്രീകൾക്കുണ്ടായിരുന്ന ധർമ്മവും.

''ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടന്നു അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു''[1].

പലസ്തീനായിലെ യഹൂദമതത്തിന്റെ സാഹചര്യത്തിൽ ക്രിസ്തുവിന്റെ പ്രബോധനവും പ്രവർത്തനങ്ങളും സുവിശേഷകന്മാർ ഉദ്ധരിക്കുകയും അങ്ങനെ സ്ത്രീകളോടുള്ള ക്രിസ്തുവിന്റെ പരിഗണന ഉയർത്തിക്കാണിക്കുകയും ചെയ്യുന്നു. മാത്രമല്ല, സ്ത്രീകൾക്ക് സമൂഹത്തിലുള്ള സ്ഥാനവും ധർമ്മവും മൗലികമായി പുനർനിർവചിക്കുകയും ചെയുന്നു. പുരുഷന്മാരോടു ബന്ധപ്പെടുത്തി മാത്രം സ്ത്രീകളെ കരുതിയിരുന്ന ഒരു സമൂഹത്തിൽ ക്രിസ്തു അവരെ പീഡനാത്മകമായ പാരമ്പര്യങ്ങളിൽ നിന്നു വിമോചിപ്പിക്കുകയും അവരുടെ മഹത്ത്വം ഉയർത്തികാണിക്കുകയും അവർക്ക് അർഹതപ്പെട്ട സ്ഥാനവും അവകാശങ്ങളും കല്പിച്ചു കൊടുക്കുകയും ചെയ്തു.

ക്രിസ്തുവിന്റെ വീക്ഷണപ്രകാരം സ്ത്രീകൾക്കുള്ള മൗലിക ധർമ്മം സുവിശേഷകന്മാർ ഉയർത്തികാണിക്കുന്നുണ്ട്. ദൈവസ്നേഹത്തിന്റെയും ക്രൈസ്തവശിഷ്യത്വത്തിന്റെയും പൊതുമാതൃകയായി സ്ത്രീകളുടെ ജീവിതാനുഭവങ്ങൾ അവിടന്നു ചൂണ്ടികാണിച്ചു. സ്ത്രീയും നഷ്ടപ്പെട്ട നാണയവും[2], സ്ത്രീയും മാവിൽ ചേർത്ത പുളിമാവും[3], തിരികല്ലിൽ ജോലി ചെയ്യുന്ന സ്ത്രീ[4], പ്രസവവേദനയനുഭവിക്കുന്ന സ്ത്രീ[5] എന്നീ

1. ഉൽപ 1:27
2. ലൂക്കാ 15:8-10
3. മത്താ 13:33
4. മത്താ 24:41
5. യോഹ 16:21

ഉപമകൾ ഇതിന് ഉദാഹരണങ്ങളാണ്. ക്രിസ്തുവിന്റെ പീഡാസഹനം, മരണം, കബറടക്കം, ഉത്ഥാനം എന്നിവയുടെ സന്ദർഭങ്ങളിലെല്ലാം സ്ത്രീകൾ സന്നിഹിതരായിരുന്നുവെന്നു സുവിശേഷകന്മാർ സാക്ഷ്യപ്പെടുത്തുന്നു[6]. തന്റെ ഉത്ഥാനത്തിന്റെ സദ്വാർത്ത ശിഷ്യന്മാരെ അറിയിക്കുകയെന്ന ദൗത്യം യേശു സ്ത്രീകളെ ഏല്പിക്കുന്നു. യഹൂദനിയമപ്രകാരം നിയമപരമായ തെളിവായി ഒരു സ്ത്രീയുടെ സാക്ഷ്യം സ്വീകരിക്കാതിരുന്ന ഒരു കാലഘട്ടത്തിലാണ് അപ്രകാരം ചെയ്തത്. സ്ത്രീകൾക്ക് വിശുദ്ധഗ്രന്ഥത്തിലേക്കോ ശിഷ്യത്വത്തിലേക്കോ നേരിട്ടു പ്രവേശനമുണ്ടായിരുന്നില്ല. അന്നത്തെ നിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ടു ക്രിസ്തു അവരെ ശിഷ്യത്വത്തിലേക്ക് വിളിച്ചു[7]. സമരിയാക്കാരിയോടും[8] സീറോ - ഫെനീഷ്യൻ സ്ത്രീയോടും[9] മറിയം, മർത്ത എന്നിവരോടും[10] ദൈവത്തെയും ദൈവാനുഭവത്തെയും കുറിച്ച് ക്രിസ്തു സുദീർഘമായ സംഭാഷണത്തിൽ ഏർപ്പെട്ടു. പ്രതീകാത്മകമവും സുപ്രധാനവുമായ പ്രവൃത്തികളായിരുന്നു അവ. സ്ത്രീകൾക്ക് ബുദ്ധിപരവും അദ്ധ്യാത്മീകവുമായ കാര്യങ്ങളിൽ ഇടപെടാനും വളരാനുമുള്ള തുല്യാവകാശം ആങ്ങനെ ക്രിസ്തു സുസ്ഥാപിതമാക്കി. വളരെയേറെ വിവേചനമുള്ള ഒരു സാഹചര്യത്തിൽ, ജീവിതത്തിന്റെ സകലമണ്ഡലങ്ങളിലും സ്ത്രീകൾക്കുള്ള പ്രാധാന്യം ക്രിസ്തു എടുത്തുകാണിച്ചു.

രക്തസ്രാവമുള്ള സ്ത്രീകളെ സമൂദായത്തിൽ നിന്നു പുറം തള്ളുന്ന പാരമ്പര്യത്തെ ക്രിസ്തു വെല്ലുവിളിച്ചു. ആ അവസ്ഥയിലായിരുന്ന ഒരു സ്ത്രീ അവിടത്തെ വസ്ത്രത്തിൽ സ്പർശിക്കാൻ ധൈര്യപ്പെട്ടപ്പോൾ സൗഖ്യം പ്രാപിക്കുകയും അവൾ പരസ്യമായി ദൈവത്തെ സ്തുതിക്കുകയും ചെയ്തു[11]. സ്ത്രീശരീരത്തിലെ സ്വാഭാവിക പ്രക്രിയകൾ സ്ത്രീയെ അസ്പൃശ്യയാക്കുമെന്നും അവളെ സാമൂഹിക പ്രവർത്തനങ്ങളിൽ

---

6. ലൂക്കാ 23:49, 55-56, മാർക്കോ 15:40-47, 16:1-8; മത്താ 27:55-56, 28:1-10, യോഹ 20:1-2, 11-18
7. ലൂക്കാ 8:1-3
8. യോഹ 4:4-30
9. മർക്കോ 7:24-30
10. ലൂക്കാ 10:38-48
11. മർക്കോ 5:25-34

നിന്നും ഭ്രഷ്ടയാക്കുമെന്നുള്ള ധാരണ അങ്ങനെ കാര്യക്ഷമമായി തള്ളിക്കളഞ്ഞു. യേശു കൂനിയായ ഒരു സ്ത്രീയെ സുഖപ്പെടുത്തി[12]. ആ സംഭവത്തിന് കേവലം സൗഖ്യദാനപരമായ ഒരു ധാരണയ്ക്ക് അപ്പുറത്തുള്ള ഒരർത്ഥവുമുണ്ട് സ്ത്രീകളെ സമുദ്ധരിക്കാനും ജീവിതത്തിന്റെ പൊതുധാരയിൽ തലയുയർത്തിനിൽക്കാൻ അവരെ ശക്തരാക്കാനുമുള്ള ക്രിസ്തുവിന്റെ നിശ്ചയത്തിന്റെ ഒരു ഭാഗമാണത്.

മംഗലവാർത്തയുടെ സമയത്ത് മറിയം പറഞ്ഞ വാക്കുകൾ കേവലം കീഴടങ്ങലിന്റേതായി കരുതുവാൻ പാടില്ല. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ പങ്കുചേരാനുള്ള സുധീരവും പക്വവുമായ പ്രത്യുത്തരമായി അവയെ കാണണം[13]. സുപ്രസിദ്ധമായ മഹത്ത്വകീർത്തനത്തിൽ (magnificat) അവൾ നടത്തിയ പ്രസ്താവനകൾ, ഭാവിതലമുറകളിലും ദൈവിക പദ്ധതിയിൽ സ്ത്രീകൾക്കുള്ള ഉന്നതപദവിയെ സ്ഥിരീകരിക്കുന്നുണ്ട്.

സ്ത്രീപുരുഷസമത്വത്തെക്കുറിച്ച് വിശുദ്ധ പൗലോസ് ആവർത്തിച്ചു പറയുന്നുണ്ട്. ''യെഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല. നിങ്ങൾ എല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്''[14].

മാതൃകകളായ പല സ്ത്രീകളെയും കുറിച്ച് വിശുദ്ധ പൗലോസ് പറയുന്നുണ്ട്. സഭാശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന പല സ്ത്രീകളുടെയും പേരുകൾ അപ്പസ്തോലന്മാരുടെ നടപടി പുസ്തകത്തിലും ലേഖനങ്ങളിലും കാണാം. അവർ സുവിശേഷം പ്രസംഗിക്കുകയും ആദിമസഭയുടെ പടുത്തുയർത്തലിൽ പങ്കുചേരുകയും ചെയ്തു[15]. ഇവിടെ സ്ത്രീകൾ ക്രിസ്തുവിനെ നിഷ്ക്രിയരായി അനുഗമിക്കുന്നവരല്ല, പിന്നെയോ അവിടത്തെ ശുശ്രൂഷയ്ക്ക് സജീവമായി സംഭാവന നല്കുന്നവരാണ്.

---

12. ലൂക്കാ 10:10-17
13. ലൂക്കാ 1:26-38
14. ഗലാ 3:28
15. റോമ 16:1/7; അപ്പ 18:2-11; അപ്പ 16:11

### 3.2) സഭയുടെ പ്രബോധനം

സഭ സാമൂഹികപ്രബോധനത്തിലൂടെയും ഇടപെടലുകളിലൂടെയും സ്ത്രീസക്തീകരണത്തിനുള്ള തന്റെ സമർപ്പണം വെളിവാക്കിയിട്ടുണ്ട്. ''ഭൂമിയിൽസമാധാനം'' (1963), ''സഭആധുനിക ലോകത്തിൽ'' (1965), ''സ്ത്രീയുടെ മഹത്ത്വം'' (1988) എന്നീ പ്രാമാണികരേഖകളിലൂടെയും സഭയിലും സമൂഹത്തിലും സ്ത്രീയുടെ മഹത്ത്വവും സമത്വവും വളർത്തണമെന്ന് സാർവത്രിക സഭ ഊന്നിപ്പറഞ്ഞിട്ടുണ്ട്. സഭയിലെ പിത്രാധിപത്യത്തിന്റെ പല അടുക്കുകളും മാറ്റിക്കളയാൻ രണ്ടാം വത്തിക്കാൻ കൗൺസിൽ വിവിധ സന്ദർഭങ്ങളിൽ ധീരത കാണിച്ചിട്ടുണ്ട്. ലിംഗപരമായ നീതിയോടെ പ്രവർത്തിക്കുന്ന സഭയുടെ മാതൃകകൾ ഉദ്ധരിച്ചുകൊണ്ട്, എല്ലാവർക്കും സ്വാതന്ത്ര്യമെന്ന യേശുവിന്റെ സന്ദേശം കണ്ടുമുട്ടാൻ വേണ്ടിയാണത്. ലൈംഗിക വ്യത്യാസം, നിറം, സാമൂഹിക പദവി, ഭാഷ, മതം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തിന്റെ ഏതു രൂപത്തെയും അത് എതിർക്കുന്നുണ്ട്[16].

സ്ത്രീപുരുഷന്മാർ തമ്മിലുള്ള സമത്വത്തെയും ബന്ധത്തെയും കുറിച്ച് സഭ അസംഖ്യം പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ജോൺ 23-ാമൻ മാർപാപ്പാ ഭൂമിയിൽ സമാധാനം എന്ന ചാക്രികലേഖനത്തിൽ സഭയ്ക്ക് സ്ത്രീകളോടുള്ള താത്പര്യത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ട്. അദ്ദേഹം ഇങ്ങനെ പറയുന്നു. : സ്ത്രീകൾ ഇന്ന്, തങ്ങളുടെ മാനുഷിക മഹത്ത്വത്തെപ്പറ്റി എക്കാലത്തെക്കാൾ പ്രബുദ്ധരായിരിക്കുന്നു. അതുകൊണ്ട് വെറും ഭൗതികോപകരണങ്ങളായി പരിഗണിക്കപ്പെടാൻ അവർ ഇനി സമ്മതിക്കുകയില്ല. നേരേമറച്ച്, ഗാർഹിക രംഗത്തും പൊതുജീവിത രംഗത്തും മനുഷ്യവ്യക്തിക്കു ചേർന്ന അവകാശങ്ങൾ അവർ ആവശ്യപ്പെടുന്നു''[17]. ''സാർവത്രിക നന്മ കൈവരിക്കാൻ വേണ്ടി സമത്വത്തിന്റെ ബന്ധത്തിൽ പ്രവർത്തിക്കാൻ പുരുഷനും സ്ത്രീയും വിളിക്കപ്പെട്ടിരിക്കുന്നു''[18].

സ്ത്രീകളുടെ വിളിയെയും മഹത്ത്വത്തെയും സംബന്ധിച്ച്

16. ജനതകളുടെ പ്രകാശം 32യ, സഭ ആധുനിക ലോകത്തിൽ 52മ, 60മ, 60ഠ അല്മായപ്രേഷിതത്വം 9
17. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പാ, ഭൂമിയിൽ സമാധാനം 36
18. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പാ, ഭൂമിയിൽ സമാധാനം 80

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ''സ്ത്രീയുടെ മഹത്ത്വ'' മെന്ന അപ്പസ്തോലികാഹ്വാനത്തിൽ ഇങ്ങനെ ഉറപ്പിച്ചു പറയുന്നു. ''സ്ത്രീയും പുരുഷനും തമ്മിൽ സത്താപരമായ സമത്വമുണ്ട് - കാരണം പുരുഷനും സ്ത്രീയും പുരുഷനെപ്പോലെ തന്നെ സ്ത്രീയും - ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്''19. അദ്ദേഹം തുടർന്ന് ഇങ്ങനെ പ്രസ്താവിക്കുന്നു. ''അവർ രണ്ടുപേരും (പുരുഷനും സ്ത്രീയും) പരിശുദ്ധാത്മാവിൽ നിന്നുള്ള ദൈവിക സത്യത്തിന്റെയും സ്നേഹത്തിന്റെയും പ്രവാഹം സ്വീകരിക്കാൻ തുല്യനിലയിൽ കഴിവുള്ളവരാണ്. രണ്ടുപേരും അവിടത്തെ രക്ഷാകരവും വിശുദ്ധീകരണപരവുമായ 'സന്ദർശനങ്ങൾ' സ്വീകരിക്കുന്നു. പുരുക്ഷനും സ്ത്രീയും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടുവെന്ന് ഉത്പ. 1:26-27 ൽ നമ്മോടു പറയുന്നുണ്ട്''. ഈ ആശയം അപ്പസ്തോലിക ലേഖനത്തിൽ വിവരിച്ചിരിക്കുന്നു. മനുഷ്യവ്യക്തിയുടെ അവകാശങ്ങളുടെ കൂടുതൽ വിപുലമായ സാഹചര്യത്തിൽ സ്ത്രീകൾക്കുള്ള അവകാശങ്ങളുടെ പ്രശ്നത്തെ സ്ഥാപിക്കുകയും ചെയ്യുന്നു.[20] സ്ത്രീ പുരുഷന്റെ സ്വത്തോ അവന്റെ വിപുലീകരണമോ അല്ലെന്നും പൊതുവായ മനുഷ്യവംശത്തിന്റെ മറ്റൊരു 'ഞാൻ' ആണെന്നും ആ ലേഖനത്തിൽ ഊന്നിപ്പറയുന്നു[21]. തുല്യമഹത്ത്വമുള്ള മനുഷ്യവ്യക്തികളായി പുരുഷനെയും സ്ത്രീയെയും കാണുന്നു. ഭൂമിയുടെ വസ്തുക്കളിൽ മേലുള്ള ഉത്തരവാദിത്വപൂർണ്ണമായ കൈകാര്യം രണ്ടുപേരെയും ഏല്പിച്ചിരിക്കുന്നു. ആത്മാർത്ഥമായ ആത്മദാനത്തിലൂടെ യഥാർത്ഥ വ്യക്തിത്വം പ്രാപിക്കാൻ രണ്ടുപേരെയും വിളിച്ചിരിക്കുന്നു. പുരുഷനെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: ''അവൻ സ്ത്രീയോട് പ്രത്യേകമായി കടപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഭാഗഭാഗിത്വമുള്ള പ്രജനനപ്രക്രിയയിൽ അവൾ നേരിട്ട് പങ്കുചേരുന്നു. അതാകട്ടെ, അക്ഷരാർത്ഥത്തിൽ അവളുടെ ശരീരത്തിന്റെയും ആത്മാവിന്റെയും ഊർജ്ജങ്ങളെ ആഗിരണം ചെയ്യുന്നു''[22].

19. ജോൺപോൾ രണ്ടാമൻ, സ്ത്രീയുടെ മഹനീയത 6
20. ജോൺപോൾ രണ്ടാമൻ, സ്ത്രീയുടെ മഹനീയത 6,7,10
21. ജോൺപോൾ രണ്ടാമൻ, സ്ത്രീയുടെ മഹനീയത 6
22. ജോൺപോൾ രണ്ടാമൻ, സ്ത്രീയുടെ മഹനീയത 18

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ സഭാസമൂഹങ്ങളോടും രാഷ്ട്രങ്ങളോടും അന്താരാഷ്ട്രസ്ഥാപനങ്ങളോടും താഴെപ്പറയുന്ന കാര്യങ്ങൾ നിർവ്വഹിക്കാൻ നിർബന്ധിച്ചിട്ടുണ്ട്.

1. സ്ത്രീകളുടെ മഹത്ത്വത്തോടും ധർമ്മത്തോടുമുള്ള തികഞ്ഞ ആദരം വീണ്ടെടുക്കുമെന്ന് ഉറപ്പുവരുത്താൻ എല്ലാ പരിശ്രമവും ചെയ്യുക.

2. സ്ത്രീകളുടെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും കേന്ദ്രീകരിച്ച് അവരുടെ ഉന്നതിക്കുവേണ്ടി കാര്യക്ഷമമായും ബുദ്ധിപൂർവ്വകമായും പരിശ്രമിക്കുക.

3. സാമ്പത്തികതയിലും രാഷ്ട്രീയത്തിലും സഭാജീവിതത്തിലും സ്ത്രീകൾക്ക് സാധ്യമായ ഏറ്റവും വിപുലമായ മണ്ഡലങ്ങൾ തുറക്കുന്നതിന് ബോധ്യം വരത്തക്കവിധത്തിൽ പ്രവർത്തിക്കുന്നതിന് ഭൂതകാലത്തെ ധീരതയോടെ പരിശോധിക്കുക[23].

അല്മായർക്ക് പങ്കെടുക്കാവുന്ന എല്ലാ പ്രവർത്തനങ്ങളിലും സ്ത്രീകൾക്ക് അവകാശമുണ്ടെന്ന് സഭയുടെ കാനൻ നിയമ സംഹിത പറയുന്നുണ്ട്. ''എല്ലാ ക്രൈസ്തവ വിശ്വാസികൾക്കും യഥാർത്ഥ തുല്യമഹത്ത്വവും പ്രവർത്തനവുമാണുള്ളത്. ക്രിസ്തുവിലുള്ള അവരുടെ പുനർജനനത്തിന്റെ അനന്തരഫലമാണത്. ഈ സമത്വം മൂലം ഓരോ വ്യക്തിയും ക്രിസ്തുവിന്റെ മൗതിക ശരീരം പടുത്തുയർത്തുന്നതിന് സ്വന്തം അവസ്ഥയും ജോലിയും അനുസരിച്ച് സംഭാവന ചെയ്യുന്നു[24].

സ്ത്രീകൾക്ക് സഭയിലും സമൂഹത്തിലുമുള്ള വിളിയെക്കുറിച്ച് 1960-കളുടെ ആദ്യഘട്ടം മുതൽ സഭയുടെ സാമൂഹിക പ്രബോധനം പൂർവ്വാധികം വ്യക്തമായ ധാരണ പ്രകാശിപ്പിച്ചിട്ടുണ്ട്. സ്ത്രീപീഡനത്തിന്റെ ഭയാനകവും വൈവിധ്യപൂർണ്ണവുമായ രൂപങ്ങളെ അതു തള്ളിപ്പറയുകയും നൂറ്റാണ്ടുകളിലൂടെ സ്ത്രീകൾ നല്കിയ ഭാവാത്മകസംഭാവനകളെ ഉയർത്തികാണിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകളിൽ വളർന്നുവരുന്ന സ്വയാവബോധത്തെ ''കാലത്തിന്റെ അടയാള''[25] മായും സ്ത്രീ

23. ജോൺപോൾ രണ്ടാമൻ, സ്ത്രീകൾക്കുള്ള കത്ത് 6

24. കാനൻ നിയമ സംഹിത 230

25. ജോൺപോൾ ഇരുപത്തിമൂന്നാമൻ മാർപാപ്പാ, ഭൂമിയിൽ സമാധാനം 41

വിമോചനത്തിനുള്ള പ്രക്രിയയെ ''അടിസ്ഥാനപരമായി ഭാവാത്മക''[26] മായ കാര്യമായും സഭ കരുതുന്നു. മനുഷ്യരെല്ലാം സാരംശപരമായി തുല്യരാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു.

''സാംസ്കാരികവും സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ ജീവിതത്തിൽ പങ്കുചേരാൻ സ്ത്രീകൾക്കുള്ള തുല്യാവകാശം''[27] സഭ അംഗീകരിക്കുന്നു. സഭാജീവിതത്തിൽ സ്ത്രീകൾക്കുള്ള ഒഴിച്ചുകൂടാനാവാത്ത ഭാഗഭാഗിത്വത്തെ സഭ സ്വാഗതം ചെയ്യുന്നു.

അങ്ങനെ ക്രൈസ്തവ പാരമ്പര്യത്തിൽ സ്ത്രീശക്തീകരണ പ്രസ്ഥാനം യേശുക്രിസ്തുവിൽ സമാരംഭിച്ചതായി കാണാം. ദാരിദ്ര്യം, സഹനം, രോഗം, വിവേചനം, ലൈംഗിക അടിമത്തം എന്നിങ്ങനെയുള്ള എല്ലാത്തരം അടിമത്തത്തിൽ നിന്നും വിമോചിപ്പിക്കുകയെന്നതായിരുന്നു ക്രിസ്തുവിന്റെ മുഖ്യലക്ഷ്യങ്ങൾ.

## 4. സ്ത്രീകളുടെ അവസ്ഥ – ഒരവലോകനം

നിലവിലുള്ള പിതൃമേധാവിത്വത്തിന്റെയും സ്ത്രീകളുടെ പ്രാന്തവത്കരണത്തിന്റെയും ഒഴിവാക്കലിന്റെയും സംസ്കാരത്തിൽ സമൂഹത്തിന്റെ ആശയങ്ങൾ, വിശ്വാസങ്ങൾ, മൂല്യങ്ങൾ, പാരമ്പര്യങ്ങൾ, പെരുമാറ്റച്ചട്ടം, ആശയസംഹിതികൾ എന്നിവ വേരൂന്നിയിരിക്കുന്നത് പിതൃമേധാവിത്വ ഭരണവ്യവസ്ഥയിലാണ്. കുടുംബം മുതൽ സമൂഹത്തിന്റെ വിവിധ ശ്രേണികളിലുള്ള മേധാവിത്വത്തിലൂടെ പുരുഷന്മാർ സ്ത്രീകളുടെ സാമ്പത്തികവും ബൗദ്ധികവും താത്ത്വികവുമായ കഴിവുകളെയും അവരുടെ അദ്ധ്വാനം, ലൈംഗികത, ഉത്പാദനക്ഷമത എന്നിവയെയും അവകാശപ്പെടുകയും നിയന്ത്രിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നതുവഴി സ്ത്രീകൾക്കെതിരെയുള്ള ചൂഷണം തുടർച്ചയായി നിലനിറുത്തുന്നു. ഈ സംസ്കാരം ചിന്തയിലും വാക്കിലും പ്രവൃത്തിയിലും സ്ത്രീയും പുരുഷനും എങ്ങനെ പെരുമാറണം എന്ന സ്ഥിരരൂപം (വാർപ്പ് മാതൃകകൾ) ഉണ്ടാക്കുകയും അതിനനു

26. ജോൺപോൾ ഇരുപത്തിമൂന്നാമൻ മാർപാപ്പാ, സ്ത്രീകൾക്കുള്ള കത്ത്, 6
27. ജോൺപോൾ ഇരുപത്തിമൂന്നാമൻ മാർപാപ്പാ, ൮൦-ാം വർഷത്തിൽ, 13

സൃതമായ ഒരു മൂല്യവ്യവസ്ഥിതി കൈമാറുകയും ചെയ്യുന്നു. താത്ഫലമായി അവൾ തന്നെ ഈ വ്യവസ്ഥിതിയുടെ ഇരയാവുകയും മറ്റുള്ളവരെ ഇരകളാക്കുകയും ചെയ്യുന്നു. ചിരപ്രതിഷ്ഠിതമായിത്തീർന്നിട്ടുള്ള പിതൃആധിപത്യമൂല്യങ്ങളുടെ നിക്ഷേധാത്മകമയ അവസ്ഥ സ്വാഭാവികമായും സ്ത്രീകളുടെ അപര്യാപ്തമായ സഭാപങ്കാളിത്തത്തിനും സമൂഹപങ്കാളിത്തത്തിനും കാരണമായി ഭവിച്ചു.

സ്നേഹം, ക്ഷമ, സഹാനുഭൂതി, ആത്മത്യാഗം എന്നിവയ്ക്ക് മാതൃകയായ ക്രിസ്തുവിനു ഘടകവിരുദ്ധമായാണ്, മേധാവിത്വം, അടിച്ചമർത്തൽ എന്നീ സ്വഭാവങ്ങളോടു കൂടിയ പൗരുഷത്തെ കണക്കാക്കപ്പെട്ടിരിക്കുന്നത്. സ്ത്രീപുരുഷ സ്ഥിരരൂപങ്ങളോട് (വാർപ്പ് മാതൃകകൾ) അനുരൂപപ്പെട്ടുള്ള പ്രവർത്തനരീതികളെ പ്രോത്സാഹിപ്പിക്കുകയും അതിനു ചേരാത്ത രീതികളെ ശിക്ഷിക്കുകയും ചെയ്യുന്നതുവഴി ഗാർഹിക-സാമൂഹികരംഗങ്ങളിൽ അറിഞ്ഞോ അറിയാതെയോ സ്ത്രീകൾ തന്നെ പിതൃമേധാവിത്വഭരണസംവിധാനത്തിന്റെ പ്രചാരകരും പ്രോത്സാഹകരുമായിത്തീരുന്നു. പുരുക്ഷ മേധാവിത്വവ്യവസ്ഥിതിയും സ്ത്രീധനസമ്പ്രദായവും നീതിയുക്തമല്ലാത്ത പിതൃസ്വത്തവകാശവും വാർദ്ധക്യത്തിൽ മാതാപിതാക്കളുടെ സംരക്ഷകരായി ആൺമക്കളെ മാത്രം അംഗീകരിക്കുന്നതും മൂലം പെൺമക്കൾ കുടുംബളിൽ തരംതാഴ്ത്തപ്പെടുന്നു.

കമ്പോളകേന്ദ്രീകൃതവും പുരുഷകേന്ദ്രീകൃതവുമായ ആഗോളകരണ പ്രക്രിയയും സ്ത്രീകളെ സൗന്ദര്യമത്സരത്തിലൂടെയും ശരീരപ്രദർശപരസ്യങ്ങളിലൂടെയും ഉപഭോഗവസ്തുക്കളായി മാറ്റുന്നു. ഇത് അവളെ ചൂഷണത്തിലേക്കും ദാരിദ്രത്തിലേക്കും നയിക്കുകയും പെൺവാണിഭം, വേശ്യാവൃത്തി തുടങ്ങിയ ഹീനമായ പ്രവർത്തനങ്ങളിൽ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. കൂടാതെ മതമൗലികതയും വർഗ്ഗീയതയും സ്ത്രീകളുടെ അടിമത്തത്തെ ഉറപ്പിക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്യുന്നു.

## 5. പശ്ചാത്തലവും വെല്ലുവിളികളും

ജീവിതത്തിന്റെ എല്ലാ തുറകളിലും സ്ത്രീകൾ അടിച്ചമർത്തലും

വിവേചനവും ചൂഷണവും അനുഭവിക്കുന്നു. ലിംഗതുല്യത കൈവരിക്കുന്നതിന് നേരിടേണ്ടിവരുന്ന വെല്ലുവിളികൾ ഇന്നത്തെ പശ്ചാത്തലത്തിൽ വളരെ വലുതാണ്.

## 6. കെ.സി.ബി.സിയുടെ കർമമണ്ഡല പ്രതിജ്ഞാബദ്ധത

### 6.1 കേരളത്തിലെ അവസ്ഥ

സ്ത്രീകളുടെ വികസനത്തെ സംബന്ധിച്ചിടത്തോളം ചരിത്ര പരമായി കേരളം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ത മാണ്. കേരളത്തിൽ സ്ത്രീ പുരുഷാനുപാതം 1000 പുരുഷ ന്മാർക്ക് 1058 സ്ത്രീകൾ എന്നതാണ്. ദേശീയതലത്തിലാകട്ടെ 1000 പുരുഷന്മാർക്ക് 933 സ്ത്രീകളെ ഉള്ളൂ. കേരളത്തിൽ വി ദ്യാസമ്പന്നരായ സ്ത്രീകൾ 88% ആണ്. ദേശീയതലത്തിൽ 54% ആണ്. കേരളത്തിൽ സ്ത്രീകളുടെ ആയുർദൈർഘ്യം 72.4 വർഷമാണെങ്കിൽ ദേശീയതലത്തിൽ അത് 60.4 വർഷ മാണ്. പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിലും വിവിധ മത സമൂഹങ്ങൾ കൈവരിച്ച നവോ ത്ഥാനത്തിന്റെ ഫലമാണ് ഭാവാത്മകമായ ഈ സൂചനകൾ. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ക്രൈസ്തവ മിഷനറിമാർ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങി. പിന്നീട് ഇവിടത്തെ ക്രൈസതവസമൂഹങ്ങളും വിദ്യാലയങ്ങൾ സ്ഥാപിച്ചു. അതാണ് ഈ സാംസ്കാരിക നവോത്ഥാനത്തിനു കാരണ മായത്. കേരളത്തിലെ ആരോഗ്യപരിപാലനത്തിന്റെയും പൊതു ക്ഷേമത്തിന്റെയും മണ്ഡലങ്ങളിൽ വികസനമുണ്ടാകുന്ന തിന് സഭ വലിയ സംഭാവനകൾ നലകിയിട്ടുണ്ട്. കേരളത്തിൽ സ്ത്രീ-വിദ്യാഭ്യാസം തുടങ്ങിയത് മിഷനറിമാരാണ്. അവർ 1819-ൽ പെൺകുട്ടികൾക്കായി ആദ്യത്തെ വിദ്യാലയം സ്ഥാ പിച്ചു.

കേരളത്തിലെ ഒരു സന്ന്യാസിനിയായിരുന്ന സിസ്റ്റർ അൽ ഫോൻസാമ്മയാണ് ഭാരതത്തിൽ ആദ്യമായി വിശുദ്ധരുടെ പദവിയിലേക്ക് ഉയർപ്പെട്ടത്. ഈ വസ്തുത കേരളസഭയ്ക്ക് അഭിമാനത്തിനു വകനൽകുന്നു. വാഴ്ത്തപ്പെട്ട ദൈവദാസി മദർ ഏലിശ്വ സി.ടി.സി, മദർ പേത്രാ ഡി.എസ്.എസ്, വാഴ്ത്ത പ്പെട്ട മറിയം ത്രേസ്യ സി.എച്ച്.എഫ്, വാഴ്ത്തപ്പെട്ട എവു

പ്രാസിയ സി.എം.സി എന്നിങ്ങനെ അനേകം സ്ത്രീകളെ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്താനുള്ള നടപടികൾ ആരംഭിച്ചു.

ദേശീയ പ്രാധാന്യമുള്ള ഉന്നതതലങ്ങളിൽ പ്രവർത്തിക്കാൻ മുന്നോടികളായി അനേകം സ്ത്രീകളെ കേരളക്രൈസ്തവസമൂഹം നല്കിയിട്ടുണ്ട്. ഉദാഹരണമായി രാഷ്ട്രീയ മണ്ഡലത്തിൽ പ്രവർത്തിച്ച അക്കാമ്മ ചെറിയാൻ സുപ്രധാന രാഷ്ട്രീയ പാർട്ടിയുടെ പ്രസിഡന്റും സ്വാതന്ത്ര്യസമരത്തിൽ സുധീരയും അജയ്യയുമായി ശോഭിച്ചു. ശ്രീമതി പി.കെ.ത്രേസ്യ ചീഫ് എൻഞ്ചിനീയറായ പ്രഥമ വനിതയാണ്. ആരോഗ്യപരിപാലനരംഗത്ത് മിസ്സിസ് പുന്നൻ ലൂക്കോസ് സർജൻ ജനറലായ ആദ്യത്തെ വനിതയാണ്. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റർ സർവ്വീസിൽ മിസ്. അന്ന ജോർജ് ഒന്നാമത്തെ വനിതാ ഐ.എഎസ് ഓഫീസറാണ്. ഇന്നതവിദ്യാഭ്യാസരംഗത്ത് മിസ്. അന്ന നിധീരി കോളേജ് പ്രിൻസിപ്പലായ പ്രഥമ വനിതയാണ്. നീതിന്യായമണ്ഡലത്തിൽ മിസ്. അന്നചാണ്ടി സ്റ്റേറ്റ് ഹൈക്കോടതിയിൽ പ്രഥമ വനിതാ ജഡ്ജിയാണ്.

സ്ത്രീകൾക്ക് തങ്ങളുടെ വ്യക്തിത്വം പൂർണമായി വികസിപ്പിക്കാനുള്ള സാധ്യതയുണ്ടെന്ന് ഉദാഹരങ്ങളായി നൽകിയ ഈ പേരുകൾ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ പുരോഗമിക്കാനുള്ള ഈ പ്രവണത തുടരുന്നില്ല. തീരുമാനങ്ങൾ എടുക്കുന്ന സമിതികളിൽ ഇന്നു സ്ത്രീകൾക്കുള്ള സ്ഥാനം പ്രശംസാർഹമല്ല. കേരളത്തിൽ അത്തരം സമിതികളിലുള്ള സ്ത്രീ പുരുഷാനുപാതം ഇപ്രകാരമാണ്. എം.എൽ.എ മാർ 17/133, ഹൈക്കോടതി ജഡ്ജിമാർ 1/23, ഐ.എ.എസ് ഓഫീസർമാർ 17/150, യൂണിവേഴ്സിറ്റി വൈസ് ചാൻസിലർമാർ 1/6, കേരളത്തിൽ നിന്നും എംപിമാർ 2/28.

കത്തോലിക്കാസഭയും മറ്റു മതസമൂഹങ്ങളും വളരെയേറെ പരിശ്രമിക്കുന്നുണ്ടെങ്കിലും കേരളത്തിലെ സ്ത്രീധനസമ്പ്രദായം, ഭവനങ്ങളിലെ പീഢനം, മദ്യപാനം മുതലായ പ്രശ്നങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. എല്ലാ മതങ്ങളിലും വർഗങ്ങളിലും ജാതികളിലും പ്രദേശങ്ങളിലുമുള്ള സ്ത്രീകൾക്ക് അതെല്ലാം സഹനഹേതുക്കളാണ്. പൊതുവായ ഈ

പ്രശ്നങ്ങൾ കൂടാതെ മറ്റ് പല പ്രശ്നങ്ങളും പരിഹരിക്കാൻ അവരുടെ സാഹചര്യങ്ങളിൽ നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ തീരുമാനങ്ങളെടുക്കുന്ന ഉത്തരവാദിത്വ പൂർണ്ണമായ സ്ഥാനങ്ങളിൽ ലിംഗവ്യത്യാസബോധമുള്ള, കഴിവുള്ള സ്ത്രീപുരുഷന്മാരെ ഇന്നാവശ്യമുണ്ട്. വീടുകളിലെ അക്രമത്തിന്റെ രൂപത്തിലുള്ള മനുഷ്യാവകാശലംഘനങ്ങൾ സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരികവും മാനസികവുമായ ആരോഗ്യം തകർക്കുന്നു. ഗുണകരമായ കുടുംബത്തിന്റെ അടിത്തറതന്നെ ഇളക്കിക്കളയുന്നു. വരുംതലമുറയെ വേണ്ടവിധം വളർത്താൻ കഴിയാതാകുകയും ചെയ്യുന്നു. വീടുകളിലും പൊതുസ്ഥലങ്ങളിലുമുള്ള സ്ത്രീപീഡനം സ്ത്രീകളുടെ ഭാഗഭാഗിത്വം പരിമിതപ്പെടുത്താൻ ഇടയാക്കുന്നതാണ്. തന്മൂലം സ്ത്രീകളോടു കാണിക്കുന്ന അക്രമത്തെ കെ.സി.ബി.സി അങ്ങേയറ്റം എതിർക്കുന്നു.

അങ്ങനെ കെസിബിസിയുടെ ജെൻഡർ പോളിസി പ്രസക്തമാണ്. അതുവഴി ലിംഗവിവേചനപരമായ ആചാരങ്ങളെ ഇല്ലായ്മ ചെയ്യാൻ കെസിബിസി ആഗ്രഹിക്കുകയാണ്. ഈ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ കഴിവുള്ള സ്ത്രീപുരുഷൻമാരെ അധികാരസ്ഥാനങ്ങളിലേക്കുയർത്താനും നീതിരഹിതമായ വ്യവസ്ഥകളെയും പ്രക്രിയകളെയും തടയാൻ അവരെ ശക്തിപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഇതു നടപ്പിലാക്കാനുള്ള പ്രക്രിയകളിൽ ധീരതയോടെ മുന്നേറാനും അങ്ങനെ ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കാനും വേണ്ടി അവരെ ശക്തിപ്പെടുത്താനും പിന്താങ്ങാനും ഉദ്ദേശിക്കുന്നു.

വംശം, മതം, ജീവിതാവസ്ഥ എന്നിവ പരിഗണിക്കാതെ പ്രത്യേകിച്ച് സ്ത്രീകൾക്ക് അവകാശങ്ങളും സ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ കേരളത്തിന്റെ മെത്രാന്മാരായ ഞങ്ങൾ കേന്ദ്ര സർക്കാർ, സ്റ്റേറ്റ് ഗവൺമെന്റുകൾ, പൗരസമൂഹം, മറ്റ് മതവിഭാഗങ്ങൾ എന്നിവരോട് ഒന്നിച്ച് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു. ഈ ജെൻഡർ പോളിസിയിലെ പ്രക്രിയകൾക്കും അനന്തരഫലങ്ങൾക്കും പ്രചോദനം നൽകാനും ഏകോപിപ്പിക്കാനും നയിക്കാനും സഭയുടെ എല്ലാ തലങ്ങളിലും സ്ഥാപനപരമായ സംവിധാനങ്ങളെ ശക്തിപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## 7. ദർശനം, ദൗത്യം, ഉദ്ദേശ്യലക്ഷ്യങ്ങൾ

### 7.1 ദർശനം

''യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ലാതെ നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നാണ്'' (ഗലാ 3:28)

ലിംഗപദവി തുല്യത

* കുടുംബത്തിൽ
* സഭയിൽ
* സമൂഹത്തിൽ

### 7.2 ദൗത്യം

ലിംഗപദവിയിലുള്ള തുല്യത ലിംഗനീതിബോധത്തിലൂടെ

### 7.3 നേടിയെടുക്കേണ്ട ലക്ഷ്യങ്ങൾ

* അക്രമരഹിത കുടുംബങ്ങളും ജോലിസ്ഥലങ്ങളും
* എല്ലാ പ്രവർത്തനങ്ങളിലും സ്ത്രീകളുടെ തുല്യപങ്കാളിത്തം.
* സ്ത്രീകളുടെയും പുരുഷന്മാരുടെയും മനോഭാവങ്ങളിൽ പരിവർത്തനം വരുത്തുകവഴി ലിംഗപദവി നീതി (Gender Equity) നേടുക.

### 7.4 ഉദ്ദേശ്യലക്ഷ്യങ്ങൾ

* സഭയുടെ കമ്മീഷനുകളിലും സമിതികളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും പരിശീലനഭവനങ്ങളിലും സ്ത്രീകളെ മുഖ്യധാരയിൽ എത്തിക്കുന്നത് ഉറപ്പുവരുത്തുക.
* ലിംഗ പദവി തുല്യത ഉറപ്പാക്കുന്നതിനായുള്ള കെ.സി.ബി.സി കർമ്മപരിപാടികളുടെയും പദ്ധതികളുടെയും എല്ലാ ഘട്ടങ്ങളിലും (വിശകലനം, ആസൂത്രണം, മൂല്യനിർണയം, നടപ്പിലാക്കൽ, മോണിറ്ററിംഗ്, വിലയിരുത്തൽ) സ്ത്രീകളുടെയും പുരുഷന്മാരുടെയും തുല്യപങ്കാളിത്തം ഉറപ്പാക്കുക.

* സ്ത്രീകളുടെ തുല്യപങ്കാളിത്തത്തിന്റെ പ്രാധാന്യം മന സ്സിലാക്കി പ്രദേശികവും ദേശീയവും അന്തർദേശീയവുമായ നയങ്ങൾ രൂപീകരിക്കുന്നതിന് സ്വാധീനിക്കത്തക്കവിധം ചർച്ചകൾ, അഭിപ്രായരൂപീകരണം, ആശയപ്രചരണം, നെറ്റ് വർക്കിംഗ് എന്നിവ നടത്തുക.

* സഭയുടെ സംവിധാനങ്ങളിലും നടപടികളിലും സഭയു മായി ബന്ധപ്പെട്ട സമിതികളിലും സ്ത്രീകൾക്ക് തുല്യഅവ സരം ഉറപ്പുവരുത്തുക.

## 8. തത്ത്വങ്ങളും മാർഗ്ഗനിർദ്ദേശക പോളിസിയും.

### 8.1 തത്ത്വങ്ങൾ

* നീതിനിഷേധപരമായ സംവിധാനങ്ങളെയും ആചാരങ്ങ ളയും തുടച്ചുനീക്കുന്നതിനും വ്യക്തി-കുടുംബ-സാമൂഹികത ലങ്ങളിൽ വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള മനുഷ്യന്റെ ആന്തരിക ശക്തിയെ അംഗീകരിക്കുന്നു.

* ആഗോളവത്കരണത്തിന്റെ ഭാഗമായി ഉടലെടുത്ത ലോക വ്യവസ്ഥയെ മനസ്സിലാക്കുകയും അസന്തുലിതാവസ്ഥകളെ പരിഹരിക്കാൻ തയ്യാറാവുകയും ചെയ്യുന്നു.

* ലിംഗപദവിതുല്യത എന്നത് എല്ലാ തലങ്ങളെയും സ്പർ ശിക്കുന്ന ലക്ഷ്യമാണെന്നും അത് സമിതികളിലും നയങ്ങ ളിലും പ്രോഗ്രാമുകളിലും പദ്ധതികളിലും സത്തയിൽ അലി ഞ്ഞുചേരേണ്ടിയിരിക്കുന്നുവെന്നു മനസ്സിലാക്കുന്നു.

* ലിംഗപദവിയിലുള്ള അസമത്വം സാമൂഹികമായും സാംസ് കാരികമായും രൂപപ്പെട്ടതാണ്; ജാതി, മതം, വർഗ്ഗം, ഭാഷ, പ്രായം, കാലഘട്ടം, പ്രദേശം, എന്നിവ അതിനെ ഊട്ടിയു റപ്പിക്കുകയും ചെയ്യുന്നു. ആൺകുട്ടികളുടെയും പെൺ കുട്ടികളുടെയും സ്ത്രീകളുടെയും പുരുഷന്മാരുടെയും മഹത്ത്വം വീണ്ടെടുക്കുന്നതിന് സ്ത്രീ-പുരുഷബന്ധങ്ങളിൽ മാറ്റം വരിക അത്യാവശ്യമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. സ്ത്രീപുരുഷ പങ്കാളിത്തത്തിലൂടെ ലിംഗപദവിതുല്യത കൈ വരിക്കാനാവുമെന്നു വിശ്വസിക്കുന്നു; സമൂഹത്തിന് അനുക രണീയമായ അത്തരം മാതൃകകൾ സഭാജീവിതത്തിൽ വളർത്താൻ പരിശ്രമിക്കുന്നതാണ്.

* ലിംഗപദവി നേടുന്നതിനുള്ള അടിസ്ഥാന ആവശ്യം സ്ത്രീ ശക്തീകരണമാണ്. അതിനാൽ സാമൂഹികവും സാമ്പത്തിവും സാംസ്കാരികവും ആത്മീയവും രാഷ്ട്രീയവുമായ തലങ്ങളിൽ അവരെ ശക്തരാക്കേണ്ടിയിരിക്കുന്നു. സഭ ശക്തമാകണമെങ്കിൽ കുടുംബങ്ങൾ ശക്തമാകണം കുടുംബങ്ങൾ ശക്തമാകണമെങ്കിൽ സ്ത്രീകളുടെ ശക്തീകരണം നടക്കണം.

* അക്രമരഹിത കുടുംബങ്ങളും പൊതുസ്ഥലങ്ങളും സ്ത്രീ ശക്തീകരണത്തിനും അതുവഴി സഭാശക്തീകരണത്തിനും അടിസ്ഥാനപരവും അത്യന്താപേക്ഷിതവുമാണെന്നും വിശ്വസിക്കുന്നു.

* സഭയുടെ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പ്രാധാന്യവും പങ്കാളിത്തവും മെച്ചപ്പെടുത്തുന്നതിന് നിരന്തരം ജാഗ്രതയോടെ പ്രവർത്തിക്കുന്നതിന് ഈ ഉന്നതസമിതിക്കുള്ള ഉത്തരവാദിത്വം അംഗീകരിക്കുന്നു.

* ലിംഗവ്യത്യാസ്താധിഷ്ഠിത പ്രശ്നങ്ങൾക്ക് പിത്രാധിപത്യപരവും സാംസ്കാരികവും സാമൂഹികവുമായ വ്യവസ്ഥാപരമായ വേരുകളുണ്ടെന്നു മനസ്സിലാക്കുന്നു. സ്ത്രീധന സമ്പ്രദായം, കുടുംബങ്ങളിലെ അക്രമം, പുത്രിമാർക്ക് പിതൃസ്വത്തിൽ തുല്യ അവകാശം നിഷേധിക്കൽ, മാതാപിതാക്കളെ ശുശ്രൂഷിക്കുന്നതിന്, പെൺമക്കൾക്കുള്ള അവകാശങ്ങളും കടമകളും നിഷേധിക്കൽ എന്നിവ സാമൂഹിക പാപങ്ങളാണെന്നു തിരിച്ചറിയുന്നു. ഈ പ്രവൃത്തികൾ നിർമ്മാർജനം ചെയ്യുന്നതിന് വ്യവസ്ഥാപരമായ മാറ്റങ്ങൾ ആവശ്യമാണ്.

## 8.2 മാർഗനിർദ്ദേശ പോളിസി

* ലിംഗാധിഷ്ഠിത സമത്വവും നീതിയും സ്ത്രീശക്തീകരണത്തിലൂടെ നേടുവാൻ 22 മേഖലകൾ തിരഞ്ഞെടുക്കുകയും ഈ മേഖലകൾക്കായി കർമ്മ പരിപാടികൾ രൂപീകരിക്കുകുയും ചെയ്തിട്ടുണ്ട്. സഭയുടെ എല്ലാ കർമ്മ പരിപാടികളിലും ലിംഗസമത്വപരമായ പരിഗണനയുണ്ടായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സഭയുടെ നിയമങ്ങൾ, നയങ്ങൾ, കർമ്മപരിപാടികൾ, പദ്ധതികൾ, പ്രക്രിയകൾ,

സംരംഭങ്ങൾ എന്നിവയിലെല്ലാം അടിസ്ഥാനപരമായി ലിംഗ സമത്വം പൊതുധാരയിലേക്ക് കൊണ്ടുവരും. എല്ലാ പ്രവർത്തനങ്ങളിലും സ്ത്രീകളുടെ താത്പര്യങ്ങളും അനുഭവങ്ങളും പരിഗണിക്കും. ലിംഗപദവിയിൽ അധിഷ്ഠിതമായ സമഗ്രപരിശോധനയിലൂടെ ലിംഗവ്യത്യാസപരമായ കാര്യങ്ങളും സ്വാധീനങ്ങളും വിലയിരുത്തും. കൂടാതെ സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും പാർശവത്കരിക്കപ്പെട്ട സ്ത്രീകളോട് പ്രത്യേക പരിഗണനയുണ്ടായിരിക്കും. അവയിൽ സ്ത്രീകളെ ഉൾപ്പെടുത്തലും അവരുടെ ഭാഗഭാഗിത്വവും നിർബന്ധപൂർവ്വകമാക്കും. അങ്ങനെ ലിംഗസമത്വപരമായ നീതി നടപ്പിലാക്കാൻ വേണ്ടത്ര സാമ്പത്തിക സഹായം നല്കും. ലിംഗാധിഷ്ഠിതമായ അസമത്വം ഘടനാപരവും വ്യവസ്ഥാപരവുമാണെന്ന് മെത്രാന്മാരായ ഞങ്ങൾ അംഗീകരിക്കുന്നു. ഈ പ്രശ്നത്തിന്റെ അടിസ്ഥാന കാരണങ്ങളെ ഇല്ലാതാക്കാൻ ഞങ്ങൾ പരിശ്രമിക്കുന്നതാണ്.

സ്ത്രീപുരുഷന്മാരുടെ മനോഭാവത്തിൽ മാറ്റം വരുത്താൻ വേണ്ട സകലപരിശ്രമങ്ങളും ഞങ്ങൾ ചെയ്യും. ഈ ലക്ഷ്യം നേടാൻ അല്മായ സമൂഹത്തിലെ എല്ലാ അംഗങ്ങളുടെയും സഹായസഹകരണങ്ങൾ ഞങ്ങൾ ക്ഷണിക്കുന്നു. കുടുംബങ്ങളിലും സഭയിലും തൊഴിൽ സ്ഥലങ്ങളിലും പൊതുവേദികളിലും സ്ത്രീകൾക്കെതിരെ ചെയ്യപ്പെടുന്ന അക്രമണങ്ങളുടെ എല്ലാ രൂപങ്ങളെയും ഞങ്ങൾ എതിർക്കുന്നു. ഈ ലിംഗസമത്വ പോളിസി നടപ്പാക്കാനും നയിക്കാനും വിലയിരുത്താനും ഞങ്ങൾ പരിശ്രമിക്കുന്നതാണ്.

## 9. കർമ്മപരിപാടികൾ

* സഭാജീവിതം ഉൾപ്പെടെ ജീവിതത്തിന്റെ എല്ലാ തുറകളിലും സ്ത്രീകളുടെ പുരോഗതിയും വികസനവും ശക്തീകരണവും സാധ്യമാക്കുക എന്നതാണ് ജെൻഡർ പോളിസിയുടെ ഉദ്ദേശ്യം. ഈ ലക്ഷ്യപ്രാപ്തിക്ക് ബന്ധപ്പെട്ട എല്ലാവരുടെയും സജീവസഹകരണം ലഭിക്കുന്നതിനായി ഈ നയം വ്യാപകമായി പ്രചരിപ്പിക്കുന്നതാണ്. ജെൻഡർ പോളിസിയുടെ ലക്ഷ്യവും കർമ്മപരിപാടികളും താഴെ പ്രതിപാദിക്കുന്നു.

## 9.1 സ്ത്രീശക്തീകരണത്തിനുവേണ്ടിയുള്ള പ്രചരണപരിപാടികൾ

* സ്ത്രീ ശക്തീകരണപ്രവർത്തനങ്ങൾക്കാവശ്യമായ മനുഷ്യ, സാമ്പത്തിക വിഭവങ്ങളും സംവിധാനസൗകര്യങ്ങളും നല്കിക്കൊണ്ട് സഭ മുഴുവൻ ഈ സംരംഭത്തിൽ ഏർപ്പെടേണ്ടതാണ്. ഈ പ്രചാരണപരിപാടിയിലൂടെ വൈദികരും അല്മായരും ഉൾപ്പെടെയുള്ള സഭ മുഴുവനിലും ഒരു മനോഭാവമാറ്റം ലക്ഷ്യമാക്കണം. സഭയിലും സമൂഹത്തിലും സ്ത്രീയ്ക്കുള്ള പങ്കിനെക്കുറിച്ച് ശരിയായ കാഴ്ചപ്പാടും ദർശനവും നൽകുകയും അവരുടെ പ്രശ്നങ്ങളെക്കുറിച്ച് ആഴമുള്ള ബോധ്യം വളർത്തുകയും വേണം. പെൺഭ്രൂണഹത്യ, പെൺകുട്ടികളോടുള്ള അവഗണന, ഗാർഹികപീഡനം, പെൺവാണിഭം, കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കൽ തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യപ്പെടണം. മാതാപിതാക്കളെ സംരക്ഷിക്കുന്നതിൽ പെൺമക്കൾക്കുള്ള അവകാശം, ഭാര്യയുടെ മാതാപിതാക്കളെ സംരക്ഷിക്കുന്നതിന് പുരുഷന്മാർക്കുള്ള അവകാശം, പൊതുമേഖലകളിൽ സ്ത്രീകൾ പങ്കാളികളാകുന്നതിന് സൗകര്യം ഒരുക്കാൻ പുരുഷന്മാർക്കുള്ള ഉത്തരവാദിത്വം എന്നിവയെല്ലാം ഈ പരിപാടികളിൽ വിഷയമാകേണ്ടതാണ്. കൗമാരപ്രായക്കാരിലും യുവാക്കന്മാരിലും ആവശ്യമായ മനോഭാവമാറ്റം വരുത്തുന്നതിന് ഉതകുന്ന ബോധവത്കരണം നൽകുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം.

## 9.2 വിദ്യാഭ്യാസം

* ലിംഗപദവിയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിന് അനുയോജ്യമായ മോഡ്യൂളുകളും ദൃശ്യശ്രാവ്യഉപാധികളും വ്യത്യസ്ത ഗ്രൂപ്പുകൾക്കായി തയ്യാറാക്കണം. വിദ്യാഭ്യാസം കുറഞ്ഞവർക്ക് ഇത് കൂടുതൽ പ്രയോജനകരമായിരിക്കും.

* ബാലവേലയെ എതിർക്കണം.

* കത്തോലിക്കാസ്ക്കൂളുകളിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് മുൻഗണന നല്കണം, പഠനം നിറുത്തിയവരെ പ്രത്യേകിച്ച് പെൺകുട്ടികളെ, കണ്ടെത്തി പഠനം തുടരുന്നതിന് സഹായിക്കണം.

* അല്മായ ആനിമേറ്റർമാരാകുന്നതിനും സഭയുടെ കമ്മിറ്റികളിൽ സജീവമായി പ്രവർത്തിക്കുന്നതിനും ആവശ്യമായ പരിശീലനം സ്ത്രീകൾക്ക് നലകണം.

* സ്ത്രീകളുടെ കഴിവുകളെ വികസിപ്പിക്കുന്നതിനും തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും അവരിൽ ആത്മവിശ്വാസം വളർത്തുന്നതിനും ഗ്രാമങ്ങളിലും ഇടവകകളിലും രൂപതകളിലും പ്രോഗ്രാമുകൾ നടത്തണം.

* സ്വയംശക്തീകരണ സംരംഭങ്ങൾ തുടങ്ങുന്നതിന് സ്ത്രീകൾക്ക് അവസരങ്ങളൊരുക്കണം.

* കാര്യക്ഷമമായ ലിംഗപദവി ബോധത്തോടെ കാര്യനിർവ്വഹണം നടത്തുന്നതിനു സഭാപ്രവർത്തകരെ പരിശീലിപ്പിക്കണം.

* സ്ത്രീശക്തീകരണത്തിനും ലിംഗപദവി ബോധവത്കരണത്തിനുമായുള്ള പഠനപദ്ധതി എല്ലാ സ്കുളുകൾക്കും കോളേജുകൾക്കും ഉണ്ടാകണം.

* സഭാസ്ഥാപനങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗീകപീഡനങ്ങളെ തീർത്തും എതിർക്കുന്ന (Zero Tolerance) നിലപാട് സ്വീകരിക്കണം.

* നിയമപരമായ അവകാശങ്ങളെയും പൗരാവകാശങ്ങളെയും ജനനവും വിവാഹവും രജിസ്റ്റർ ചെയ്യേണ്ടകാര്യങ്ങളെയും കുറിച്ച് പഠിപ്പിക്കണം.

* കുടുംബങ്ങളിലും സ്ഥാപനങ്ങളിലും ലിംഗപദവി നീതി നടപ്പാക്കേണ്ടതിനെക്കുറിച്ച് പുരുഷന്മാരെയും ആൺകുട്ടികളെയും ബോധവാന്മാരാക്കണം.

* മദ്യപാനം, മയക്കുമരുന്നിന്റെ ഉപയോഗം കുടുംബത്തിലും സമൂഹത്തിലും അക്രമമാർഗ്ഗങ്ങളിലൂടെ സ്ത്രീകളുടെ മേൽ മേധാവിത്വം സ്ഥാപിക്കൽ തുടങ്ങിയ നശീകരണപ്രവണതകളിൽ നിന്നും പുരുഷന്മാരെ മോചിപ്പിക്കുക. പകരം ലിംഗപദവിനീതിയിലൂടെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും അന്തരീക്ഷം എങ്ങനെ സൃഷ്ടിക്കാമെന്നും കായിക, ബൗതിക, വൈകാരിക ആത്മീയതലങ്ങളിൽ ആരോഗ്യമുള്ളവരായി

കുട്ടികൾക്ക് വളരാനുള്ള സാഹചര്യം കുടുംബങ്ങളിൽ എങ്ങനെ ഒരുക്കാമെന്നും പുരുഷന്മാരെ പഠിപ്പിക്കണം.

* അക്രമരഹിതമായ മാർഗ്ഗങ്ങളിലൂടെ സംഘർഷങ്ങളെ കൈകാര്യം ചെയ്യാൻ ആൺകുട്ടികളെയും പുരുഷന്മാരെയും പരിശീലിപ്പിക്കണം.

* മെത്രാന്മാർക്കും വൈദികർക്കും സന്ന്യാസിനികൾക്കും അല്മായ നേതാക്കൾക്കും ലിംഗപദവിബോധവത്കരണ പരിപാടികൾ ഒരുക്കണം.

* സ്ത്രീധനത്തിന്റെ ദോഷവശങ്ങൾ, കുടുംബസ്വത്തു വിഭജിക്കുമ്പോൾ പെൺകുട്ടികൾക്കുള്ള ന്യായമായ അവകാശം, ലിംഗപദവിയെക്കുറിച്ചുള്ള അവബോധം, സ്വന്തം മാതാപിതാക്കളെ സംരക്ഷിക്കുന്നതിന് വിവാഹിതരായ സ്ത്രീകൾക്കുള്ള കടമയും അവകാശവും, ഭാര്യയുടെ മാതാപിതാക്കളെ ശുശ്രൂഷിക്കുന്നതിനുള്ള സൗകര്യമൊരുക്കാൻ ഭർത്താക്കൻമാർക്കുള്ള കടമ, വീട്ടുജോലികളിലുള്ള നീതിപൂർവ്വമായ വിഭജനം എന്നിങ്ങനെയുള്ള വിഷയങ്ങൾ വിവാഹ ഒരുക്ക സെമിനാറുകളിൽ പങ്കെടുക്കുന്നവർക്കും അവരുടെ മാതാപിതാക്കൾക്കും നല്കേണ്ടതാണ്.

* മതപഠന ക്ലാസുകളിൽ അനുയോജ്യമായ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ലിംഗപദവി നീതിബോധം വളർത്തണം.

* ലിംഗപദവിതുല്യതാബോധം മുഖ്യധാരയിൽ കൊണ്ടുവരുന്നതിനാവശ്യമായ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ട പരിശീലന പദ്ധതികൾ സംഘടിപ്പിക്കേണ്ടതാണ്.

* സ്ത്രീശരീരത്തെ ഉപഭോഗവസ്തുവായി തരംതാഴ്ത്തുന്ന എല്ലാ പ്രവണതകളും ശക്തമായി എതിർക്കുന്ന നിലപാട് സ്വീകരിക്കണം. ഉദാ: അശ്ലീല സൗന്ദര്യമത്സരങ്ങൾ.

* മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പെൺകുട്ടികൾക്കും സ്ത്രീകൾക്കും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തണം.

## 9.3 പൊതു ദൃശ്യശ്രാവ്യമാധ്യമങ്ങൾ

* മാധ്യമങ്ങൾ വഴി സ്ത്രീയുടെ അന്തസ്സ് ഉയർത്തിക്കാട്ടുക.

* അക്രമാസക്തമായ പുരുഷമാതൃകയ്ക്കു പകരമായി ക്രിസ്തു പ്രാവർത്തികമാക്കിയ സ്നേഹവും സഹാനുഭൂതിയും നിറഞ്ഞ പുരുഷമാതൃകകളെ എടുത്തു കാട്ടുക.

* സ്ത്രീവിരുദ്ധസിദ്ധാന്തങ്ങളെ എതിർക്കുന്ന സംവിധാനങ്ങളുണ്ടാക്കുക.

* സ്ത്രീകളുടെ സഭയിലും സമൂഹത്തിലുമുള്ള പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുക.

* പ്രസിദ്ധീകരണങ്ങളിലും ദൃശ്യശ്രാവ്യമാധ്യമങ്ങളിലും സ്ത്രീപീഡനത്തെ കുറ്റകരമായി ചിത്രീകരിക്കുക.

* കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും സ്ത്രീപുരുഷതുല്യത, ലിംഗപദവിനീതി, സ്നേഹം എന്നിവ എടുത്തു കാണിക്കുക.

* കത്തോലിക്കാവനിതാകമ്മീഷൻ ആശയപ്രചാരണ നേതാക്കളായി വർത്തിക്കുകയും സ്ത്രീവിരുദ്ധ ചിത്രീകരണങ്ങൾക്കെതിരായി അഭിപ്രായങ്ങൾ ശേഖരിച്ചു നല്കുകയും വേണം.

* ലിംഗപദവി സംബന്ധിച്ചുള്ള ആനുകാലികപ്രശ്നങ്ങളെ പഠിച്ച് അഭിപ്രായങ്ങൾ നല്കണം.

### 9.4 സഭയുടെ ആലോചനാസമിതികളിൽ സ്ത്രീകൾക്ക് തുല്യപ്രാതിനിധ്യവും പങ്കാളിത്തവും.

* ഇടവക / രൂപതാ കൗൺസിലുകൾ, ധനകാര്യകമ്മറ്റി, വിവാഹ ട്രൈബ്യൂണൽ, സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ, റീജണൽ സമിതികൾ, സഭയുടെ എല്ലാതലങ്ങളിലുമുള്ള മറ്റുകമ്മീഷനുകൾ എന്നിവയിലെല്ലാം സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കണം.

* തീരുമാനങ്ങളെടുക്കുന്ന പ്രക്രിയകളിൽ സ്ത്രീകളുടെ തുല്യപങ്കാളിത്തം ഉറപ്പുവരുത്തണം. ഇതിന് സഭയുടെ മുഖ്യധാരാ പരിപാടികളിലെല്ലാം സ്ത്രീകളെയും ഉൾപ്പെടുത്തുന്നതിന് മെത്രാൻമാരുടെയും വൈദികരുടെയും അല്മായരുടെയും ശക്തമായ പിന്തുണ ഉണ്ടാകേണ്ടതാണ്.

* സഭയുടെ പ്രധാനപ്പെട്ട കമ്മറ്റികളിൽ അംഗങ്ങളാകുവാനും വിവിധ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനും കഴിവുള്ള സ്ത്രീകളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനവും ഓറിയന്റേഷനും നല്കണം.

* സ്ത്രീകളുടെ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബാംഗങ്ങളെ, പ്രത്യേകിച്ച് പുരുഷൻമാരെ ബോധവത്കരിക്കുക.

## 9.5 പ്രേഷിത പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം

* സഭാജീവിതത്തിൽ സ്ത്രീകൾക്കുള്ള പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി കാറ്റക്കിസ്റ്റുകൾ, ലക്ചറൻമാർ എന്നിങ്ങനെ വിവിധമേഖലകളിൽ സ്ത്രീകളെ നിയമിക്കുക.

* സഭയുടെ എല്ലാ കമ്മീഷനുകളിലും തുല്യതയുടെയും പങ്കാളിത്തത്തിന്റെയുമായ കാഴ്ചപ്പാടു വളർത്തുകയും ലിംഗ പദവി തുല്യതയുള്ള സഭയും സമൂഹവും രൂപപ്പെടുത്തുന്നതിനാവശ്യമായ നെറ്റ്‌വർക്കിംഗ് നടത്തുകയും ചെയ്യുക.

* സഭാസമിതികളിലെല്ലാം സി.ബി.സി.ഐ യുടെ നിർദേശമനുസരിച്ചുള്ള നീതിയുക്തമായ സ്ത്രീപ്രാതിനിധ്യം ഉറപ്പാക്കുക.

* സഭാസമിതികളിലും കൗൺസിലുകളിലും ട്രൈബ്യൂണുകളിലും യോഗ്യരായ സന്ന്യാസിനികളെ ഉൾപ്പെടുത്തിക്കൊണ്ട് അവരുടെ സ്ഥാനവും പങ്കാളിത്തവും മെച്ചപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുക.

* സഭാജീവിതത്തിൽ സ്ത്രീകളുടെ സ്ഥാനത്തെയും മെച്ചപ്പെട്ട പങ്കാളിത്തത്തെയും കുറിച്ചുള്ള ബോധവത്കരണ സെമിനാറുകൾ ഇടവക വാർഡുകൾ മുതൽ മേൽത്തട്ടുവരെ സ്ത്രീകൾക്കും പുരുഷൻമാർക്കുമായി തുടർച്ചയായി നടത്തുക.

* സ്ത്രീകളുടെ ജീവിതത്തെ സംബന്ധിക്കുന്ന പ്രധാന വിഷയങ്ങളിൽ കെ.സി.ബി.സി വനിതാകമ്മീഷനുമായി ആലോചന നടത്തുക.

* സഭയുടെ സംവിധാനങ്ങൾ, ഘടനകൾ, പ്രക്രിയകൾ, ക്രമങ്ങൾ, നയപരിപാടികൾ എന്നിവയിൽ ലിംഗപദവി മുഖ്യ ധാരാവത്കരണം (gender mainstreaming) എത്രത്തോളം നടന്നിട്ടുണ്ടെന്ന് പരിശോധിക്കാൻ gender audit - ഉം സ്ഥാപനവിശകലനവും (institution analysis) നടത്തുക.

* എല്ലാ സംഘടനകളിലും ഉന്നതതസ്തികകളിൽ (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ) കഴിയുന്നിടത്തോളം സ്ത്രീകളും പുരുഷൻമാരും മാറിമാറി വരുന്നതിനെ പ്രോത്സാഹിപ്പിക്കണം.

## 9.6 പൊതു ജീവിതത്തിൽ / സംസ്ഥാന രാഷ്ട്രീയ സംവിധാനങ്ങളിൽ വനിതാപങ്കാളിത്തം.

* ബോധവത്കരണ ക്ലാസ്സുകളും അനുയോജ്യമായ പരിശീലനങ്ങളും വഴി സ്ത്രീകളുടെ നേതൃത്വഗുണങ്ങൾ വികസിപ്പിക്കുകയും രാഷ്ട്രീയസംവിധാനങ്ങളിൽ സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യുക.

## 9.7 ആദ്ധ്യാത്മികം

സ്ത്രീത്വത്തിന്റെ ഗുണങ്ങളെ നഷ്ടപ്പെടുത്താതെ തന്നെ അഭിലഷണീയമായ പൗരുഷഗുണങ്ങൾ വളർത്തിക്കൊണ്ടുള്ള ആദ്ധ്യാത്മികതയിൽ ഉയരാൻ സ്ത്രീകളെ പ്രാപ്തരാക്കുക.

* സ്ത്രീകളുമായുള്ള ദൈനംദിനബന്ധങ്ങളിലും ഇടപെടലുകളിലും സാമൂഹികരംഗത്തും ലിംഗപദവിനീതി ഉറപ്പുവരുത്തിക്കൊണ്ടുള്ള ആത്മീയതയിൽ വളരാൻ പുരുഷന്മാരെ പ്രോത്സാഹിപ്പിക്കുക.

* പൗരുഷത്വത്തിന്റെ വികലമായ വശങ്ങൾ ഉപേക്ഷിക്കാൻ പുരുഷന്മാരെ പ്രോത്സാഹിപ്പിക്കുക.

* സ്ത്രീയുടെയും പുരുഷന്റെയും അന്തസ്സും ലിംഗപദവി തുല്യതയും പങ്കാളിത്തവും പ്രോത്സാഹിപ്പിച്ചുകൊണ്ട് ആത്മീയത വളർത്തുക.

* കുർബ്ബാനയിലെ പ്രസംഗങ്ങളിലും ആരാധനക്രമങ്ങളിലും നല്കുന്ന ബൈബിൾ വ്യാഖ്യാനങ്ങളിലൂടെ 'ദൈവത്തിന്റെ

രൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള'[28] സ്ത്രീയുടെയും പുരുഷന്റെയും മഹനീയത എടുത്തുകാട്ടുക.

* സ്ത്രീകളുടെ അന്തസ്സ് ഉയർത്തിക്കാട്ടുന്ന ഉത്തമസ്ത്രീ മാതൃകകൾ ഉൾപ്പെടുത്തിക്കൊണ്ടും തിരുവെഴുത്തിലെ വിമോചനാത്മകഭാഗങ്ങൾക്ക് പ്രത്യേക പ്രാധാന്യം കൊടുത്തുകൊണ്ടും മതബോധനം നടത്തുക.

* കുടുംബങ്ങളിലും ക്രിസ്തീയസമൂഹങ്ങളിലുമുള്ള പ്രാർത്ഥനയിലും ആരാധനക്രമങ്ങളിലും ലിംഗപദവിസംവേദനക്ഷമതയും (Gender Sensitivity) സഹകാരിത്വവും പ്രതിഫലിക്കുന്ന ഭാഷയും മനോഭാവവും പുലർത്തുക.

### 9.8 സെമിനാരി വിദ്യാർത്ഥികളുടെയും സന്ന്യാസാർത്ഥിനികളുടെയും പരിശീലനം

* ലിംഗപദവിസംവേദനക്ഷമത (Gender Sensitivity) നല്കുന്ന കോഴ്സുകൾ പാഠ്യപദ്ധതിയിലെ വിഷയമായി ഉൾപ്പെടുത്തുക.

* സ്ത്രീകൾ ആത്മീയോപദേഷ്ടാക്കളാകുന്നത് (Spiritual directors) പ്രോത്സാഹിപ്പിക്കുക.

* പരിശീലന കോഴ്സുകളിലെല്ലാം സ്ത്രീകളുടെ അന്തസ്സിനെ തുല്യമായി ആദരിക്കുന്ന ഭാഷ ഉപയോഗിക്കുക.

* സഭയിൽ തുല്യപങ്കാളിത്തവും ലിംഗപദവിനീതിയും വളർത്തുന്ന രീതിയിൽ ദൈവശാസ്ത്ര - വേദപുസ്തക - കാനോനിക പഠനങ്ങൾ നല്കുക.

* യോഗ്യരായ അല്മായർക്കും സ്ത്രീകൾക്കും സന്ന്യാസിനികൾക്കും ദൈവശാസ്ത്ര-വേദപുസ്തക-കാനോനിക പഠനങ്ങൾക്കായി സ്കോളർഷിപ്പുകളും പാർട്ട്ടൈം കോഴ്സുകളും ഏർപ്പെടുത്തുക.

* ദൈവശാസ്ത്രപരിശീലനം നേടിയിട്ടുള്ള സ്ത്രീകൾക്ക് അജപാലനശുശ്രൂഷകരായും ഗവേഷകരായും വിശ്വാസപരിശീലകരായും ദൈവശാസ്ത്രാദ്ധ്യാപകരായും ആത്മീ

28. ഉത്പ 1:26-27

യോപദേഷ്ടാക്കളായും സേവനം ചെയ്യാനുള്ള അവസരങ്ങൾ നല്കുക.

* സ്ത്രീകൾ ചെയ്യുന്ന പ്രേഷിത, അജപാലന ശുശ്രൂഷകളെ ഉദാ: കാറ്റക്കിസ്റ്റുകൾ, ലക്റ്ററർമാർ, ക്രിസ്തീയ കൂട്ടായ്മകളുടെ ആനിമേറ്റർമാർ, കൗൺസിലേഴ്സ്, ലിറ്റർജിസ്റ്റുകൾ, സാമൂഹികപ്രവർത്തകർ മുതലായവയെ അംഗീകരിക്കുകയും അവയെ ശുശ്രൂഷകളായി (Ministries) പ്രഖ്യാപിക്കുകയും ചെയ്യുക.

* പുരാതന ബൈബിൾ ഭാഷയിൽ പ്രാവീണ്യവും ലിംഗപദവി കാഴ്ചപ്പാടും പാണ്ഡിത്യവുമുള്ള വനിതകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

* പ്രസിദ്ധീകരണങ്ങളുടെയും കുർബ്ബാനക്കിടയിലുള്ള പ്രസംഗങ്ങളുടെയും ഉള്ളടക്കം ലിംഗപദവിസംവേദനക്ഷമത (Gender Sensitive) ഉള്ളതായിരിക്കണം.

## 9.9 ആരോഗ്യം

* സ്ത്രീകളുടെ ആരോഗ്യത്തെ കേന്ദ്രീകരിച്ചുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക. ഉദാ: പോഷകാഹാരം, ശുചിത്വം, ശിശുമരണനിരക്ക് (IMR), മാതൃമരണനിരക്ക് (MMR), ഹോളിസ്റ്റിക്ക് ഹെൽത്ത്, മാനസികാരോഗ്യം ഉൾപ്പെടെയുള്ള വൈകല്യങ്ങൾ.

* ഗാർഹികപീഡനത്തിനിരയാകുന്ന സ്ത്രീകളുടെയും അവരുടെ കുട്ടികളുടെയും ശാരീരിക-മാനസിക ആരോഗ്യാവസ്ഥയെക്കുറിച്ചും പീഡകരുടെ മാനസികാവസ്ഥയെക്കുറിച്ചും ബോധവത്കരണം നടത്തുക.

* സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേകം കേന്ദ്രീകരിച്ചുകൊണ്ട് സി.ബി.സി.ഐ. ആരോഗ്യനയം, HIV / AIDS നയം എന്നിവ നടപ്പിലാക്കുക.

* എല്ലാ സോഷ്യൽസർവ്വീസ് സൊസൈറ്റികളിലും സഭ നടത്തുന്ന വിദ്യാഭ്യാസ - ആരോഗ്യസ്ഥാപനങ്ങളിലും ആരോഗ്യസംബന്ധമായ അവബോധം വളർത്തുക.

* പള്ളികളിലും പള്ളിവക സ്ഥാപനങ്ങളിലും പരിസരങ്ങളിലും ആവശ്യമായ സൗകര്യങ്ങൾ നിർമ്മിച്ചുകൊണ്ട് അവ സ്ത്രീസൗഹൃദവും ശിശുസൗഹൃദവും ആക്കുക. ഉദാ: കുടിവെള്ളം, ടോയ്‌ലറ്റ്, കുഞ്ഞുങ്ങളെ മുലയൂട്ടുന്നതിനുള്ള സ്വകാര്യ ഇടം, റാംപ് മുതലായവ.

* സഭയുടെ ആരോഗ്യ-വിദ്യാഭ്യാസ സാമൂഹികസ്ഥാപനങ്ങളിൽ Gender budgeting ഏർപ്പെടുത്തുക.

* പെൺഭ്രൂണഹത്യയെ പ്രതിരോധിക്കുക.

* പെൺകുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യസംരക്ഷണത്തിന് കുടുംബങ്ങളിൽ പ്രാധാന്യം നൽകേണ്ടതാണെന്ന ആശയം വളർത്തുക.

* സ്ത്രീകളിലും കൗമാരപ്രായക്കാരായ പെൺകുട്ടികളിലും കാണുന്ന വിളർച്ചയും പോഷകാഹാരക്കുറവും പരിഹരിക്കുന്നതിനും അവരുടെ ജീവിതകാലചക്രത്തിലെ എല്ലാ ഘട്ടത്തിലും പോഷകാഹാരം ലഭ്യമാക്കുന്നതിനും ഉറപ്പുവരുത്തുക.

* സഭ നടത്തുന്ന അനാഥാലയങ്ങളിലെ കുട്ടികളെ ദത്തുനല്കുന്നതിനും തുടർന്നുള്ള വളർച്ചയെ ശ്രദ്ധിക്കുന്നതിനും (foster care) പ്രോത്സാഹിപ്പിക്കുക.

* ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ശാരീരികവും മാനസികവും ആത്മീയവുമായ പരിചരണം നല്കുക.

സഭ നടത്തുന്ന എല്ലാ സ്ഥാപനങ്ങളിലും മാതാവിനും പിതാവിനും പ്രസവകാല അവധി പ്രോത്സാഹിപ്പിക്കുക.

### 9.10 പരിസ്ഥിതി

* പരിസ്ഥിതി ഘടകങ്ങൾ സ്ത്രീകളുടെ ഉപജീവനത്തെ എങ്ങനെ ബാധിക്കുന്നു എന്നതിനെപ്പറ്റി ബോധവത്കരണം നടത്തുക. ഇതു പ്രാദേശിക സന്നദ്ധസംഘടനകളുമായി നെറ്റ്‌വർക്ക് ചെയ്തുകൊണ്ട് സഭാസ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും ചെയ്യേണ്ടതാണ്.

* പരിസ്ഥിതിസംരക്ഷണത്തിലും പരിസ്ഥിതിമലിനീകരണം തടയുന്നതിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

ഭൂരിഭാഗം ഗ്രാമീണസ്ത്രീകളും ഇന്ധനത്തിനായി വിറക്, ചാണകം, പുല്ല്, വൈക്കോൽ എന്നീ പ്രാദേശികമായി ലഭ്യമാകുന്ന വാണിജ്യേതര ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കുന്നതിനാൽ ഇത് എത്രയും പ്രധാനപ്പെട്ട കാര്യമാണ്.

* മേൽപറഞ്ഞ ഊർജ്ജസ്രോതസ്സുകളെ കാര്യക്ഷമമായും പരിസ്ഥിതിസൗഹൃദപരമായും ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ സംബന്ധിക്കുന്ന പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ നയം ലക്ഷ്യമിടുന്നു.

## 9.11 ശാസ്ത്രവും സാങ്കേതികവിദ്യയും

* ശാസ്ത്ര-സാങ്കേതികവിദ്യയിൽ ഉപരിപഠനം നടത്തുന്നതിന് പെൺകുട്ടികളെ പ്രോത്സാഹിപ്പിക്കുക. ശാസ്ത്രവും സാങ്കേതികവിദ്യയും ഉപയോഗിച്ചുള്ള വികസനപദ്ധതികളിൽ സ്ത്രീകളെ പൂർണ്ണമായി പങ്കുകാരാക്കുകയും ചെയ്യുക.

* വാർത്താവിനിമയം, വിവരസാങ്കേതികവിദ്യ തുടങ്ങിയവ സ്ത്രീകൾക്കു പ്രത്യേക കഴിവുകളുള്ള തലങ്ങളിൽ അവർക്കു വിദഗ്ധപരിശീലനം നല്കുക.

* സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പെൺകുട്ടികളുടെ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യുക.

* സ്ത്രീകളുടെ തൊഴിൽ നൈപുണ്യം (Skills) വർദ്ധിപ്പിക്കുന്നതിന് എല്ലാവിധ നടപടികളും സ്വീകരിക്കുക. അവർക്കു ആവശ്യമായ സാങ്കേതിക, ഭരണപര, വിപണന സഹായങ്ങൾ നല്കുകയും ചെയ്യണം. ഇത്തരം ആവശ്യങ്ങൾക്കു സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ നല്കുന്ന വായ്പകൾക്ക് പുറമെ അധികചെറുകിട വായ്പകളും (Micro Credit) ലഭ്യമാക്കുക. കൂടാതെ വിഷമസ്ഥിതിയിലുള്ള സ്ത്രീകൾക്ക് അധിക വായ്പാസഹായങ്ങൾക്കായി സാമ്പത്തികസ്ഥാപനങ്ങളുമായി അവരെ ബന്ധപ്പെടുത്തുകയും ചെയ്യുക.

* സ്ത്രീകളുടെ ആവശ്യങ്ങൾക്ക് യോജിച്ചതും അവരുടെ തൊഴിലിലെ ക്ലേശവും വിരസതയും കഠിനാദ്ധ്വാനവും ലഘൂ

കരിക്കുന്നതിന് അനുയോജ്യവുമായ സാങ്കേതികവിദ്യ വികസിപ്പിക്കാൻ പ്രത്യേകം പരിശ്രമിക്കുക.

* സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായി സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനെക്കുറിച്ച് ജാഗ്രതപുലർത്തുകയും അതിനെ തടയുകയും ചെയ്യുക. ഉദാ: പെൺഭ്രൂണഹത്യ, സൈബർ ക്രൈം.

* സഭയുടെ സ്ഥാപനസൗകര്യങ്ങളുപയോഗിച്ച് (ഉദാ: എൻജിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്ക്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ) സ്ത്രീകൾക്കു സാങ്കേതിക വിദ്യയിൽ പരിശീലനം നല്കുന്നതിനുള്ള ഹ്രസ്വകാല കോഴ്സുകൾ നടത്തുക.

### 9.12 സാമ്പത്തികസ്വാതന്ത്ര്യം

* സഭാസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന വനിതാ ജീവനക്കാർക്ക് ന്യായമായ വേതനവും സമർപ്പിതർക്ക് ന്യായമായ അലവൻസും നല്കുക.

* തുല്യജോലിക്കു തുല്യവേതനം, ഭൂസ്വത്തിനും വസ്തുവകകൾക്കും സ്ത്രീകൾക്കു തുല്യഅവകാശം എന്നീ ആശയങ്ങൾക്കു പിന്തുണ നല്കുക.

* വിദഗ്ധജോലികൾ ഏറ്റെടുക്കുന്നതിനാവശ്യമായ വൈദഗ്ധ്യാധിഷ്ഠിതമായ (skill based) പരിശീലനം നല്കുക. വരുമാനദായകമായ പരിപാടികൾ പ്രോത്സാഹിപ്പിക്കുക (ഉദാ. സ്വയംസഹായഗ്രൂപ്പുകളിലൂടെ). കൂടാതെ സർക്കാർ പദ്ധതികളെക്കുറിച്ച് കാലിക അറിവ് നല്കുക.

* വൈധവ്യത്തിലും വാർദ്ധക്യത്തിലും അന്തസ്സോടെ ജീവിക്കാനാവുംവിധം കുടുംബസ്വത്തിൽ ന്യായമായ ഭാഗം സ്ത്രീകൾക്കായി മാറ്റിവെയ്ക്കുന്നുവെന്നുറപ്പുവരുത്തുക.

* തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് തൊഴിലിടങ്ങളിൽ സ്ത്രീസൗഹൃദസംവിധാനങ്ങൾ ഉണ്ടാക്കുന്നതിന് ശ്രദ്ധിക്കുക.

* സ്ത്രീകൾക്കുവേണ്ടി ലഘുനിക്ഷേപപദ്ധതികൾ സംഘടിപ്പിക്കുകുയും പിന്തുണയ്ക്കുകയും ചെയ്യുക.

* ആസ്തികളുടെ മേലുള്ള കൂട്ടുടമസ്ഥത, യോജിച്ചുള്ള തീരുമാനങ്ങളെടുക്കൽ, വരുമാനത്തിൻമേലുള്ള തുല്യപ്രാപ്യതയും, നിയന്ത്രണവും, കുടുംബചുമതലകളിലെ കൂട്ടുത്തരവാദിത്വം എന്നിവയെക്കുറിച്ചു ദമ്പതികളെ ബോധവത്കരിക്കുക.

## 9.13 വിഷമസാഹചര്യങ്ങളിലുള്ള സ്ത്രീകൾ

* സ്ത്രീകളുടെ വിഷമസാഹചര്യങ്ങൾ തിരിച്ചറിയുകയും അവ നിലനില്ക്കുന്നുവെന്ന വസ്തുത അംഗീകരിക്കുകയും ചെയ്യുക.

* കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളെയും പ്രോഗ്രാമുകളെയും കുറിച്ചുള്ള വിവരങ്ങൾ നല്കുകയും കാലാകാലങ്ങളിൽ അവ പുതുക്കുകയും ചെയ്യുക.

* വിഷമസാഹചര്യങ്ങളിൽ പെടുന്ന സ്ത്രീകൾക്കായി ഹ്രസ്വകാലഭവനങ്ങളും പുനരധിവാസകേന്ദ്രങ്ങളും നിർമ്മിക്കുക.

* ദൗത്യങ്ങളുടെ ബാഹുല്യം മൂലം സ്ത്രീകൾ അഭിമുഖീകരിക്കേണ്ടിവരുന്ന സംഘർഷങ്ങളെ ഫലപ്രദമായി നേരിടാൻ അവരെ പ്രാപ്തരാക്കുന്നതിനും മദ്ധ്യസ്ഥത വഹിക്കുന്നതിനും (Mediation Skill Training) പരിശീലനം വിവിധതലങ്ങളിൽ അവർക്കു നല്കുക.

* സ്ത്രീകൾക്കും പെൺകുട്ടികൾക്കും ലൈംഗികപീഡനരഹിതമായ ഒരന്തരീക്ഷം സൃഷ്ടിക്കാൻ പരിശ്രമിക്കുക.

* സ്ത്രീകൾക്കെതിരെയുള്ള അനീതികളെ നേരിടുന്നതിനും വിഷമസാഹചര്യങ്ങളിൽ പെട്ട സ്ത്രീകളെ സഹായിക്കുന്നതിനുമായി കാനോനിക നിയമങ്ങളിലും നീതിന്യായവിഷയങ്ങളിലും വൈദഗ്ധ്യം നേടാൻ സ്ത്രീകളെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക.

* ഗാർഹികപീഡനം നടത്തുന്നവർ, അവിഹിതബന്ധങ്ങളിലേർപ്പെടുന്നവർ, മദ്യപന്മാർ എന്നിവരെ സഭാസമിതികളിൽ നിന്നും അവയുടെ അധികാരസ്ഥാനങ്ങളിൽ നിന്നും മാറ്റുക. വിദഗ്ധരായ കൗൺസിലേഴ്സിന്റെ സഹായം ഏർപ്പെടുത്തുകയും ചെയ്യുക.

* ലൈംഗികപീഡനങ്ങളും ചൂഷണങ്ങളും തടയുന്നതിനു ലൈംഗിക അച്ചടക്കത്തിന് ആവശ്യമായ പരിശീലനവും കൗൺസലിങ്ങും നല്കുക.

## 9.14 പെൺകുഞ്ഞുങ്ങളുടെ അവകാശങ്ങൾ

* കുടുംബത്തിനകത്തും പുറത്തും പെൺകുട്ടികളോടുള്ള പെരുമാറ്റത്തിൽ വിവേചനം ഇല്ലാതാക്കുകയും അവരെക്കുറിച്ചുള്ള പോസിറ്റീവായ പ്രതിഛായ പ്രചരിപ്പിക്കുകയും അവരിൽ ആത്മാഭിമാനം വളർത്തുന്ന ശൈലി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

* ഗവൺമെന്റിന്റെ പ്രൊജക്ടുകളെ പ്രസിദ്ധപ്പെടുത്തുകയും സഭയുടെ കീഴിലുള്ള ഡിസ്പെൻസറികളിലും ഹെൽത്ത് സെന്ററുകളിലും ആശുപത്രികളിലും സാമൂഹിക-വിദ്യാഭ്യാ സസ്ഥാപനങ്ങളിലും പ്രസംഗങ്ങൾ, പോസ്റ്ററുകൾ, ലഘുലേഖകൾ എന്നിവവഴി പെൺകുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവത്കരണം നടത്തുകയും ചെയ്യുക.

## 9.15 സ്ത്രീകൾക്കെതിരെയുള്ള അക്രമം

* 'ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമ'ത്തിലെ (Protection of Women Against Domestic Violence Act 2005) വ്യവസ്ഥകൾ നന്നായി പഠിക്കുകയും ഗാർഹികപീഡനം, ലൈംഗികപീഡനം, ചൂഷണം എന്നിവയ്ക്കെതിരെ സ്ത്രീകൾക്ക് സംരക്ഷണം നല്കുന്ന ഒരു നയം രൂപീകരിക്കുകയും ചെയ്യുക.

* കുടുംബങ്ങളിലും ജോലിസ്ഥലങ്ങളിലും സഭാസ്ഥാപനങ്ങളിലും സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള പീഡനങ്ങളെ നേരിടുന്നതിന് സംവിധാനങ്ങളുണ്ടാക്കുക.

* സഭാപ്രബോധനങ്ങൾ, ഇടയലേഖനങ്ങൾ, കുർബ്ബാനയിലെ പ്രസംഗങ്ങൾ ഇവയിലൂടെ ഗാർഹികപീഡനങ്ങളെയും ബാലചൂഷണങ്ങളെയും അപലപിക്കുക.

* അക്രമരഹിതമായ രീതിയിൽ സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളെപറ്റി ആൺകുട്ടികളെയും പുരുഷന്മാരെയും പഠിപ്പിക്കുക.

* 2005-ലെ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം നടപ്പാക്കുന്ന വിവിധ സംവിധാന ങ്ങളും വ്യക്തികളുമായി നെറ്റ്‌വർക്ക് ചെയ്യുക.

* സഭാസ്ഥാപനങ്ങളിൽ ജാഗ്രതാസമിതികളും പരാതികേട്ട് പരിഹാരം നല്കുന്നതിനുള്ള സെല്ലുകളും സ്ഥാപിക്കുകയും ഗ്രാമപഞ്ചായത്തുകളിൽ ഈ ലക്ഷ്യത്തോടെ പ്രവർത്തി ക്കുന്ന ജാഗ്രതാസമിതികളോടു ചേർന്നു പ്രവർത്തിക്കുകയും ചെയ്യുക.

* പൗരുഷത്തിന്റെ ലക്ഷണമെന്ന് തെറ്റിദ്ധരിക്കപ്പെടുന്ന കോപം, അക്രമസ്വഭാവം മുതലായ പൊതുസങ്കല്പങ്ങളെ വെല്ലുവിളിക്കുകയും തിരുത്തുകയും ചെയ്യുക.

* സ്ത്രീപുരുഷ അസമത്വം നിലനില്ക്കുന്ന സമൂഹത്തിൽ ഒത്തുതീർപ്പുകളിലെത്തിച്ചേരുന്നത് പലപ്പോഴും സ്ത്രീകൾക്ക് നീതി നിഷേധിച്ചുകൊണ്ടായിരിക്കും. അതുകൊണ്ട് ഇതിനെ തിരെ ഔദ്യോഗിക / അനൗദ്യോഗിക പ്രവർത്തകർ ജാഗ്രത പുലർത്തുന്നു എന്നുറപ്പുവരുത്തുക.

## 9.16 പെൺവാണിഭവും ലൈംഗികചൂഷണവും

* കുടിയേറ്റത്തൊഴിലാളികളുടെയും വീട്ടുവേലക്കാരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ സംഘടിതമായി പ്രവർത്തിക്കുക, പെൺവാണിഭത്തിനെതിരായി പൊരുതുക.

* സ്വന്തം കുടുംബാംഗങ്ങളുടെ ലൈംഗികചൂഷണത്തിന് വിധേയരാകുന്ന കുട്ടികളുടെയും സ്ത്രീകളുടെയും മറ്റുത രത്തിലുള്ള ലൈംഗികപീഡനങ്ങൾ കുടുംബത്തിനകത്ത് അനുഭവിക്കുന്ന സ്ത്രീകളുടെയും പ്രശ്നങ്ങൾ പരിഹരി ക്കുക.

* കുട്ടികൾക്ക് എതിരെയുള്ള ലൈംഗികപീഡനം, പെൺവാ ണിഭം ഇവ തടയുന്നതിനായി ബോധവത്കരണം നടത്തുക.

* യുവജനസംഘടനകളുടെയും മറ്റു ഗവൺമെന്റിതരസംഘ ടനകളുടെയും സഹായത്തോടെ പെൺവാണിഭത്തിന്റെ സ്രോതസ്സുകൾ, പതിവുസ്ഥലങ്ങൾ, അസ്വസ്ഥമേഖലകൾ എന്നിവ കണ്ടെത്തി പ്രതിരോധം, വീണ്ടെടുക്കൽ, പുനരധി വസിപ്പിക്കൽ ഇവയിലൂടെ പെൺവാണിഭത്തെ ചെറുക്കുക.

## 9.17 വിവാഹവും കുടുംബവും

* മാതൃപിതൃദൗത്യം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള പരിശീലനം വിവാഹ ഒരുക്ക സെമിനാറുകളും കുടുംബബോധന പ്രോഗ്രാമുകളും വഴി ദമ്പതികൾക്കു നല്കുക. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള സാംസ്കാരിക വിവേചനവും ലിംഗപദവിവാർപ്പുമാതൃകകളും മാറ്റിയെടുക്കുന്നതിന് സഹായിക്കുന്ന രീതിയിലായിരിക്കണം പരിശീലനം നല്കുന്നത്.

* ഉത്തരവാദിത്വമുള്ള മകനും ഭർത്താവും പിതാവുമാകാൻ ആൺകുട്ടികളെയും പുരുഷന്മാരെയും പഠിപ്പിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുക. വിശുദ്ധ ഔസേപ്പ് പിതാവിനെ അവർ മാതൃകയാക്കണം.

* കുടുംബകേന്ദ്രീകൃതമായുള്ള കത്തോലിക്കാ പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുക.

* കാനോനികനിയമമനുസരിച്ച് വിവാഹബന്ധം അസാധുവാക്കുന്നതിനുള്ള പ്രക്രിയയിലൂടെ കടന്നുപോകേണ്ടിവരുന്ന സ്ത്രീകൾക്ക് വൈകാരികവും നിയമപരവുമായ സഹായം നല്കുക.

* ജോലിക്കായി മറുനാടുകളിൽ പോകേണ്ടിവരുന്നവരുടെ കുട്ടികളുടെയും ജീവിതപങ്കാളികളുടെയും ക്ഷേമത്തിൽ ശ്രദ്ധിക്കുക.

* കുടുംബജീവിതചക്രത്തിന്റെ വിവിധഘട്ടങ്ങളിലുള്ള ദമ്പതികൾക്കായി വിവാഹാനന്തര കൗൺസലിംഗ് സഹായം നല്കുക.

* പുരുഷന്മാർക്കും ആൺകുട്ടികൾക്കും ലൈംഗിക ധാർമ്മികതയെക്കുറിച്ച് ബോധവത്കരണം നല്കുക.

## 9.18 സാമൂഹികാവബോധം

* പോസിറ്റീവായ സാമൂഹികസാമ്പത്തിക നയങ്ങൾ വഴി സ്ത്രീകൾക്ക് അവരുടെ സാധ്യതകൾ പൂർണ്ണമായും സാക്ഷാത്കരിക്കുന്നതിനുതകുന്ന അന്തരീക്ഷം സൃഷ്ടിച്ചെടുക്കുക.

* മാർച്ച് 8 അന്തർദേശീയ വനിതാദിനമായും സെപ്തംബർ 8 പെൺകുട്ടികളുടെ ദിനമായും നവംബർ 25 അക്രമ വിരുദ്ധദിനമായും ആചരിച്ചുകൊണ്ട് ലിംഗപദവിബോധത്തെ പ്രോത്സാഹിപ്പിക്കുക.

* സ്ത്രീകളുടെയും പുരുഷന്മാരുടെയും സജീവമായ പങ്കാളിത്തവും ഭാഗഭാഗിത്വവും വഴി വിവേചനാപരമായ സമൂഹത്തിലെ മനോഭാവങ്ങളും സമുദായങ്ങളിലെ നടപടികളും മാറ്റുക.

* വികസനപ്രക്രിയയിൽ ലിംഗപദവികാഴ്ചപ്പാട് (perspective) മുഖ്യധാരാവത്കരിക്കുക.

* വീട്ടുഭരണം, തൊഴിൽ, പരിചരണം എന്നീ സ്ത്രീകളുടെ ബഹുമുഖങ്ങളായ ചുമതലകൾ നിർവ്വഹിക്കാൻ ആവശ്യമായ സാമൂഹികഘടനകൾ പ്രോത്സാഹിപ്പിച്ച് വർദ്ധിപ്പിക്കുക.

* ഗർഭച്ഛിദ്രത്തിലേക്ക് നയിക്കുന്ന സാംസ്കാരിക സാമ്പത്തിക ഘടകങ്ങൾ അപഗ്രഥിച്ച് വേണ്ടതുചെയ്യുക. ജീവിതചക്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും ജീവനെ പിന്തുണയ്ക്കുന്ന സംസ്കാരം പ്രോത്സാഹിപ്പിച്ച് വളർത്തുക.

* വിവാഹം, മനസ്സമ്മതം, മാമ്മോദീസ, പ്രഥമദിവ്യകാരുണ്യസ്വീകരണം തുടങ്ങിയ അവസരങ്ങളിലെ ധൂർത്ത് (അമിതവ്യയം), ഗാർഹികപീഡനങ്ങൾ, സ്ത്രീധനം എന്നീ വിഷയങ്ങൾ കുടുംബയൂണിറ്റുകളിൽ ചർച്ച ചെയ്യണം.

* വിവാഹം അസാധുവാക്കൽ, വേർപെടുത്തൽ തുടങ്ങിയ വേദനാജനകമായ പ്രക്രിയകളിലൂടെ കടന്നുപോകേണ്ടിവരുന്ന സ്ത്രീകൾക്ക് വൈകാരികവും നിയമപരവുമായുള്ള സഹായം നല്കുക.

### 9.19 ആദിവാസികളും ദളിതരുമായ സ്ത്രീകൾ

* ദളിതരും ആദിവാസികളും അവശവിഭാഗങ്ങളിൽ പെട്ടവരുമായ സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുക, അവർക്കു വിദ്യാഭ്യാസവും സഭാസ്ഥാപനങ്ങളിൽ തൊഴിലവസരവും നല്കുക.

* സ്ത്രീകൾക്കായി റിസോഴ്സ് സെന്ററുകൾ തുടങ്ങുക, ആദിവാസി സ്ത്രീകളുടെയും പങ്കാളിത്തത്തോടെ വേണം സ്ത്രീകളുടെ വികസനപരിപാടികൾ ആസൂത്രണം ചെയ്യാൻ.

* ആദിവാസി സ്ത്രീകൾക്ക് വേണ്ടിയുള്ള വികസനപ്രോഗ്രാമുകളുടെ ആസൂത്രണത്തിന് മാർഗ്ഗനിർദ്ദേശകമാകാൻ ഉതകുന്ന ഗവേഷണകേന്ദ്രങ്ങൾ തുടങ്ങുക. ട്രൈബൽ കസ്റ്റമറി നിയമങ്ങളുടെയും അവകാശങ്ങളുടെയും പഠനങ്ങൾ പുനഃപരിശോധിക്കുകയും ദേശീയ മനുഷ്യാവകാശരേഖകളോട് അതിനെ ഉൾച്ചേർക്കുകയും വേണം.

* സാമൂഹികനീതി നടപ്പാക്കുന്നതിനും സ്ത്രീകളുടെ അന്തസ്സുവർദ്ധിപ്പിക്കുന്നതിനുമുള്ള മുന്നേറ്റത്തിൽ പങ്കുചേരുന്നതിനായി ആദിവാസി സ്ത്രീകളെ സജ്ജരാക്കുകയും അവരുടെ നേതൃശൃംഖല (network) സൃഷ്ടിക്കുകയും ചെയ്യുക.

* ആദിവാസികളുടെ വികസനത്തിനായും സ്ത്രീകളുടെ കാര്യങ്ങൾക്കായും പ്രത്യേകപദ്ധതികൾ തയ്യാറാക്കുക. അവിവാഹിതരായ അമ്മമാരുടെ കാര്യത്തിൽ സവിശേഷശ്രദ്ധ ഉണ്ടാകണം.

* ദളിതർക്കും അവശർക്കുമായുള്ള സർക്കാരിന്റെയും അല്ലാതുള്ളവരുടെതുമായ പദ്ധതികളെപ്പറ്റിയുള്ള അറിവുകൾ ശേഖരിക്കുകയും വിതരണം ചെയ്യുകയും വേണം.

* സർക്കാർ ഏജൻസികൾ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാവരുമായി നെറ്റ്വർക്ക് ചെയ്തുകൊണ്ട് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും തൊഴിൽപരിശീലനത്തിനും നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണത്തിനും ഊന്നൽ നല്കുക.

* ദളിത്സ്ത്രീകൾക്കായുള്ള ഒരു സമഗ്രവികസനപദ്ധതി സഭയ്ക്കുണ്ടാകണം. സോഷ്യൽ സർവ്വീസ് സെന്ററുകളിൽ ഒരു പ്രത്യേക ഫണ്ടു മാറ്റിവെച്ചുകൊണ്ട് അവരുടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി പരിശ്രമിക്കണം.

* സാമൂഹികനീതിക്കും സ്ത്രീകളുടെ അന്തസ്സിനും വേണ്ടി പോരാടാൻ ഗിരിവർഗ വനിതാനേതാക്കളെ സൃഷ്ടിക്കണം.

## 9.20 സ്ത്രീകൾ സമാധാനത്തിന്

* രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനത്തിൽ കൗൺസിൽ പിതാക്കന്മാർ സ്ത്രീകളോട് ഇപ്രകാരം ആവശ്യപ്പെട്ടു: ''സ്ത്രീകളേ, നിങ്ങൾ ലോകസമാധാനം സംരക്ഷിക്കണം. ക്രൈസ്തവരും അക്രൈസ്തവരുമായി ലോകമെങ്ങുമുള്ള സ്ത്രീകളേ, ചരിത്രത്തിന്റെ നിർണ്ണായകമായ ഈ നിമിഷത്തിൽ ജീവൻ നിങ്ങൾക്കാണ് ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ലോകസമാധാനം രക്ഷിക്കുക നിങ്ങളുടെ കടമയാണ്''[29]. സമാധാനമില്ലാതെ വികസനം അസാധ്യമാണെന്നും സ്ത്രീകളെ കൂടാതെ സമാധാനമോ വികസനമോ ഉണ്ടാവുകയില്ലെന്നും സഭ വിശ്വസിക്കുന്നു. കുടുംബങ്ങളും സമൂഹങ്ങളും വികസിക്കാനും ആർത്തു വളരാനും അടിസ്ഥാനപരമായിരിക്കുന്ന സമാധാനവും അനുരഞ്ജനവും സംഭവിപ്പിക്കാൻ സ്ത്രീകൾക്ക് അനന്യമായ കഴിവുണ്ടെന്ന് സഭ അംഗീകരിക്കുന്നു. സംഘർഷപരിഹാരത്തിൽ സ്ത്രീകൾക്കുള്ള പങ്ക് താഴെ പറയുന്ന രീതികളിൽ അംഗീകരിക്കപ്പെടുകയും താങ്ങപ്പെടുകയും ചെയ്യും:

* യുഎൻ സെക്യൂരിട്ടി കൗൺസിലിന്റെ പ്രമേയം 1325- തീരുമാനങ്ങളെടുക്കുന്ന സമിതികളിൽ സ്ത്രീകളുടെ പ്രാതിനിധ്യം, സമാധാനസ്ഥാപനപ്രക്രിയകളിൽ സ്ത്രീകളുടെ ഉൾച്ചേരൽ എന്നിവ വളർത്തുകയും മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരുകയും ചെയ്തുകൊണ്ട്.

* സഭാപരമായ സമിതികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയെ സമാധാനത്തിന്റെയും അക്രമരാഹിത്യത്തിന്റെയും സംസ്കാരം വളർത്താൻ വേണ്ടി സജ്ജമാക്കിക്കൊണ്ട്.

* സ്ത്രീകൾക്കും പുരുഷൻമാർക്കും ഇടയിൽ സംഘർഷപരിഹാരത്തിന്റെയും മധ്യസ്ഥതാവൈദഗ്ധ്യത്തിന്റെയും അക്രമരഹിതമായ മാർഗങ്ങൾ വളർത്തിക്കൊണ്ട്.

* കുടുംബത്തിലും അയൽപക്കങ്ങളിലും കൂടുതൽ വലിയ സമൂഹങ്ങളിലും ഉണ്ടാകുന്ന തർക്കങ്ങളിൽ സമാധാനസ്ഥാപകരാകാൻ സ്ത്രീകൾക്കുള്ള ജന്മസിദ്ധമായ കഴിവുകളും വൈദഗ്ധ്യവും വികസിപ്പിച്ചുകൊണ്ട്

29. രണ്ടാം വത്തിക്കാൻ കൗൺസിൽ, സ്ത്രീകൾക്കുള്ള സമാപന സന്ദേശം 1965

* ഒക്ടോബർ 2-ാം തീയതി സമാധാന ദിവസമായി (അഹിംസാദിനമായി) ആചരിച്ചുകൊണ്ട്.

* സഭ നടത്തുന്ന വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും സമാധാന സമിതികൾ സ്ഥാപിച്ചുകൊണ്ട്.

* സമാധാന വിദ്യാഭ്യാസ പരിപാടികളിൽ പങ്കെടുക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുകയും അതിനായി അവർക്ക് സാമ്പത്തിക സഹായം നല്കുകയും ചെയ്തുകൊണ്ട്.

**9.21 ഗവേഷണം, വിവരശേഖരണം, വിവരങ്ങളുടെ പ്രചരണം**

* സ്ത്രീകളെ സംബന്ധിച്ചുള്ള പഠനങ്ങളുടെയും അവരുടെ ആത്മീയതയുടെയും വിവരങ്ങളടങ്ങുന്ന വെബ്സൈറ്റുകൾ ഉണ്ടാക്കുക.

* സ്ത്രീകളെക്കുറിച്ചുള്ള പഠന-ഗവേഷണങ്ങൾക്കായി റീജനൽ സെന്ററുകൾ തുടങ്ങുക.

* ഗവേഷണങ്ങൾ നടത്തുകയും ഡോക്കുമെന്റേഷൻ സെന്ററുകൾ ആരംഭിക്കുകയും ചെയ്യുക.

* സ്ത്രീകളുടെ വികസനത്തിനായുള്ള പ്രോഗ്രാമുകൾ ആസൂത്രണം ചെയ്യുന്നതിൽ ആദിവാസിസ്ത്രീകളെയും ഉൾപ്പെടുത്തിക്കൊണ്ടു പ്രവർത്തിക്കുന്ന വിഭവശേഷികേന്ദ്രങ്ങൾ (Resource Centre) തുറക്കുക.

* ലിംഗപദവി, ഗാർഹികപീഡനം എന്നീ വിഷയങ്ങളെക്കുറിച്ച് ഇടയലേഖനങ്ങളിറക്കുക. മെത്രാന്മാരുടെ അംഗീകാരത്തോടെയുള്ള ലഘുലേഖകൾ കുടുംബയൂണിറ്റുകളിൽ വിതരണം ചെയ്ത് ചർച്ചയ്ക്കെടുക്കുകയും അവിടെ ഉരുത്തിരിത്തുവരുന്ന ആശയങ്ങൾ ക്രോഡീകരിച്ച് പാസ്റ്ററൽ കൗൺസിലിൽ ചർച്ച ചെയ്ത് കർമ്മപദ്ധതികൾ തയ്യാറാക്കുകയും ചെയ്യുക.

* സ്ത്രീശക്തീകരണ പ്രോഗ്രാമുകൾക്കും നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനും ജനപിന്തുണ നേടുക.

* കെ.സി.ബി.സി. വനിതാകമ്മീഷന്റെ നേതൃത്വത്തിൽ ലിംഗ

പദവിബോധവത്കരണ പഠനങ്ങൾ തയ്യാറാക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.

* സ്ത്രീകളെ സംബന്ധിച്ചുള്ള സഭയുടെ സാമൂഹിക പ്രബോധനങ്ങൾ ചർച്ചചെയ്യുന്നതിനും പ്രചരിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും പ്രാധാന്യം കൊടുക്കുക. അത് സ്ത്രീ ശക്തീകരണം സുഗമമാക്കും.

* വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മൊത്തം സാഹചര്യവിശകലനത്തിന്റെ ഭാഗമായി സ്ത്രീ-പുരുഷ പങ്കാളിത്ത അനുപാതത്തെ വിലയിരുത്തിക്കൊണ്ടാണ് ഓരോ പ്രോഗ്രാമും / പ്രോജക്ടും തയ്യാറാക്കിയിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക.

* ലിംഗപദവിനയത്തിന്റെ നടത്തിപ്പും നയത്തിന്റെയും പ്രവർത്തനപരിപാടിയുടെയും കാലാകാലങ്ങളായുള്ള അവലോകനവും സുഖകരമാക്കണം.

### 9.22 പൈലറ്റ് പ്രോജക്ടുകൾ

* ലിംഗപദവി ബോധവത്കരണത്തിനുതകുന്ന പൈലറ്റ് പ്രോജക്ടുകൾ രൂപപ്പെടുത്തുകയും ഇടവകകളുടെയും രൂപതകളുടെയും ചെലവിൽ തന്നെ സംഘടിപ്പിക്കുകയും വേണം. ഉദ്യോഗസ്ഥരും റിട്ടയർ ചെയ്തവരും കഴിവും അർപ്പണബോധവുമുള്ളവരുമായ കത്തോലിക്കരുടെ സേവനം ഇത്തരം പദ്ധതികൾക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്.

### 9.23 സഭയുടെ ജെൻഡർ പോളിസിയും കർമ്മപദ്ധതിയും നടപ്പിലാക്കാനുള്ള മാർഗങ്ങൾ

* വൈദികരും അല്മായരുമായ എല്ലാ സഭാംഗങ്ങൾക്കും ജെൻഡർ പോളിസി വിതരണം ചെയ്യുക.

* വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവയിലൂടെയും ഇടയലേഖനങ്ങളിലൂടെയും മതപ്രഭാഷണങ്ങളിലൂടെയും പാരിഷ് കൗൺസിലുകളിലെ ചർച്ചകളിലൂടെയും കുടുംബയൂണിറ്റുകൾ, ബി.സി.സികൾ, എസ്.എച്ച്.ജികൾ, എസ്.എച്ച് ജിയുടെ ഫെഡറേഷനുകൾ എന്നിവയിലെ ചർച്ചകളിലൂടെയും ഈ നയം എല്ലാവരിലും എത്തിക്കുക.

* പോളിസിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച കലണ്ടർ ഇടവക, ഫെറോന, രൂപത, റീജിയൻ എന്നീ തലങ്ങളിൽ പ്രസിദ്ധീകരിക്കുക.

## 10.നടപ്പാക്കാനുള്ള കർമ്മപരിപാടികൾ

### 10.1 ജെൻഡർ പോളിസി നടപ്പാക്കാനുള്ള കമ്മറ്റിയും സ്ഥാപനപരമായ ശക്തീകരണവും.

* രൂപതാതലത്തിലും ഇടവകതലത്തിലും ജെൻഡർ പോളിസി നടപ്പാക്കാനുള്ള കമ്മറ്റികൾ രൂപീകരിക്കും. എല്ലാ ഗ്രൂപ്പുക ളിലുമുള്ള ലിംഗപദവി ബോധമുള്ള സ്ത്രീപുരുഷൻമാരെ അവയിൽ ഉൾപ്പെടുത്തും. ഈ കമ്മറ്റികൾ തങ്ങളുടെ തലങ്ങളിൽ ഈ ജെൻഡർ പോളിസി നടപ്പാക്കാൻ നേരിട്ട് ഉത്തരവാദിത്വം വഹിക്കുന്നവയായിരിക്കും.

* വിമൻസ് കമ്മീഷനെ ദേശീയവും റീജിയണലുമായ തല ങ്ങളിലും ഇടവകതലത്തിലും ഘടനാപരമായും സാമ്പത്തിക മായും ശക്തിപ്പെടുത്തുക. കമ്മറ്റികൾ ഇല്ലാത്തിടത്ത് അവ രൂപീകരിക്കുക.

* എല്ലാ ഇടവകകളിലും സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ വിമൻസ് സെൽ രൂപീകരിക്കുക. അടിമത്തത്തിന്റെയും ലൈംഗിക ദുരുപയോഗത്തിന്റെയും എല്ലാ കേസുകളും അന്വേഷിക്കാൻ ഒരു ഹെൽപ് ലൈൻ അഥവാ ജാഗ്രതാ സെൽ സ്ഥാപിക്കുക. ഈ സെല്ലുകളിൽ വിദഗ്ദ്ധരായ സ്ത്രീപുരുഷൻമാർ ഉണ്ടായിരിക്കണം.

### 10.2 വിഭവങ്ങളുടെ കാര്യസ്ഥത

* പോളിസി നടപ്പാക്കുന്നതിന് സഭയുടെ വിവിധ സംഘടന കളുടെ സഹകരണം വഴി സാമ്പത്തികവും മാനുഷികവും അടിസ്ഥാന സംവിധാനപരവുമായി വേണ്ടത്ര വിഭവങ്ങൾ സംലഭ്യമാക്കും.

* ഇടവക, ഫൊറോന, രൂപത, റീജിയണൽ എന്നീ തല ങ്ങളിലെല്ലാം സ്ത്രീസംഘടനകളുടെ ഏകോപനവും നെറ്റു വർക്കും ഉണ്ടായിരിക്കും.

## 11. നടപ്പാക്കൽ സമ്പ്രദായം

* ജെൻഡർ പോളിസിയുടെ 9-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള വിവിധ പദ്ധതികൾ തക്കകാലങ്ങളിൽ പരിശോധിക്കുക. അവയുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനം നല്കുക എന്നിവ രൂപതാതലത്തിലും ഇടവകതലത്തിലും ജെൻഡർ പോളിസി നടപ്പാക്കാനുള്ള കമ്മറ്റികളുടെ ഉത്തരവാദിത്വത്തിലായിരിക്കും.

* രൂപതാതലങ്ങളിൽ നേടിയ പുരോഗതിയുടെ റിപ്പോർട്ടുകൾ റീജിണൽ തലത്തിൽ പരിശോധിക്കുകയും അവയെ പ്രചോദിപ്പിക്കുകയും ചെയ്യും.

## 12. ഉപസംഹാരം

ക്രിസ്തുവിന്റെ കൂദാശയായ സഭ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുന്നതിന് നിയുക്തയാണ്. ഗൗരവപൂർണ്ണമായ പല വെല്ലുവിളികളുടെയും മുമ്പിൽ അവൾ അത് എന്നും നിർവ്വഹിച്ചിട്ടുണ്ട്. സ്ത്രീയുടെ മഹനീയതയും ദൗത്യവും സഭയിലും സമൂഹത്തിലും എന്നത് അത്തരത്തിലുള്ള ഒരു വെല്ലുവിളിയാണ്. യേശുക്രിസ്തുവും വിശുദ്ധ പൗലോസും ഉയർത്തിക്കാണിച്ച സ്ത്രീപുരുഷതുല്യതയും പങ്കാളിത്തവുമുള്ള സജീവ ഗാർഹികസഭ[30]കളിലൂടെ മാത്രമേ തിരുസ്സഭയുടെ വളർച്ചയും ശക്തീകരണവും സാദ്ധ്യമാകൂ.

ദൈവത്തിന്റെ അമ്മയും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിൽ നമ്മുടെ ചിന്തകളെ കേന്ദ്രീകരിച്ചുകൊണ്ട് ഈ പ്രസ്താവന ഞങ്ങൾ ഉപസംഹരിക്കുന്നു. ദൈവത്തിന്റെ അമ്മയാകാനുള്ള വിളി ലഭിച്ചവളെന്ന നിലയിൽ കൃപാവരം നിറഞ്ഞ പരിശുദ്ധ കന്യകാമറിയത്തിൽ സ്ത്രീത്വത്തിന്റെ പൂർണ്ണത നാം കാണുന്നു. അവളാണ് സ്ത്രീകളുടെ വ്യക്തിത്വത്തിന്റെ മൂലമാതൃക, പരമകാഷ്ഠ'[31].

30 ജനതകളുടെ പ്രകാശം 11, അല്മായ പ്രേഷിതത്വം 11, ജോൺപോൾ രണ്ടാമൻ മാർപാപ്പാ, കുടുംബം സ്നേഹസമൂഹം നമ്പർ. 49-62

31 ജോൺപോൾ രണ്ടാമൻ മാർപാപ്പാ 5

തിരുക്കുടുംബത്തെ പോറ്റിപാലിച്ച്, സംരക്ഷിച്ച വിശുദ്ധ യൗസേപ്പും നമ്മുടെ അമ്മയും മാതൃകയും വഴികാട്ടിയുമായ പരിശുദ്ധകന്യകാമറിയവും നമ്മുടെ മാതൃരാജ്യമായ ഭാരതത്തിൽ ദൈവരാജ്യം സ്ഥാപിക്കുന്ന യഥാർത്ഥ ക്രിസ്തുശിഷ്യരാകാൻ നമ്മെ സഹായിക്കട്ടെ.

*****